# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 2, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--330]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : 1369 മുതൽ 1465 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : 1466 മുതൽ 1496 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 1497 മുതൽ 1596 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : 1597 മുതൽ 1698 വരെ |

### റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്) റോഡുകൾ

1369. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് (RIDF) ഫണ്ടിൽ നിന്നും റോഡുകൾക്കും മറ്റും എത്ര തുക നാളിതുവരെ ചിലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ല / നിയോജകമണ്ഡലം തിരിച്ച്, എത്ര തുകകൾ ഏതൊക്കെ റോഡുകൾക്ക് നൽകിയെന്ന് വിശദമാക്കാമോ ;

(സി) പുതിയതായി ഇനിയും ഏതൊക്കെ റോഡുകൾക്ക് എത്രവീതം തുക അനുവദിയ്ക്കാൻ ബാക്കിയുണ്ട് എന്ന് ജില്ലതിരിച്ച് വിശദമാക്കുമോ ?

### തൃശ്ശൂർ ജില്ലയിലെ പി.എം.ജി.എസ്.വൈ പദ്ധതി

1370. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ ഭരണാനുമതി നൽകിയ റോഡ് നിർമ്മാണ പദ്ധതികളുടെയും അവയിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ

പദ്ധതികളുടെയും വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കാമോ ;

(സി) 2014-15 വർഷം ഭരണാനുമതിക്കായി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ?

## നബാർഡിന്റെ ധനസഹായത്തോടെ തരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

1371. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേററ ശേഷം നബാർഡിന്റെ ധനസഹായത്തോടെ തരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേററ ശേഷം നബാർഡിന്റെ ധനസഹായത്തോടെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി തയ്യാറാക്കി അയച്ച പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്ന് നിയമ മസഭാ മണ്ഡലം തിരിച്ച് വിശദമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അവയുടെ തുടർനടപടികൾ ഏതുവരെയായെന്നും വ്യക്തമാക്കുമോ?

(ഡി) 2015-16 വർഷം പാലക്കാട് ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് നിയമസഭാ മണ്ഡലം തിരിച്ച് വിശദമാക്കുമോ;

## തദ്ദേശസ്വയംഭരണങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

1372. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ എന്തുതുക വീതം കേന്ദ്രവിഹിതമായി ലഭിച്ചുവെന്നും ആയതിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നുമറിയിക്കാമോ?

## ഐ.എ.വൈ പദ്ധതി

1373. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വീടുകൾ അനുവദിച്ചിട്ടുള്ളത്;

(ബി) ധനസഹായം അനുവദിച്ചവർക്ക് നൽകുവാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(സി) ധനസഹായം യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായം

1374. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കിയ വകയിൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സർക്കാർ വിഹിതം നൽകാനുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായത്തിനായി സർക്കാർ ഹഡ്കോ (HUDCO)യെ സമീപിച്ചിട്ടുണ്ടോ ;എങ്കിൽ അനുകൂല മറുപടി ലഭിച്ചിട്ടുണ്ടോ ;

(ഡി) എത്ര രൂപയുടെ ധനസഹായമാണ് സർക്കാർ ഹഡ്കോയോട് ആവശ്യപ്പെട്ടിട്ടുള്ളത്; ധനസഹായം എന്നത്തേക്ക് ലഭ്യമാകും ;പ്രസ്തുത ധനസഹായത്തിന് ഹഡ്കോ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഹഡ്കോയുടെ ധനസഹായം ലഭിച്ചാൽ പദ്ധതി നടപ്പാക്കുന്നതിൽ പങ്കാളികളാകുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതത്തിൽ വ്യത്യാസം വരുമോ ; വരുമെങ്കിൽ എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) മുൻവർഷങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനാണോ പുതിയ പദ്ധതി നടപ്പാക്കുന്നതിനാണോ ഹഡ്കോ ധനസഹായം വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ?

പി. എം. ജി. എസ്. വൈ പദ്ധതി

1375. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. അഞ്ചാം ഘട്ടത്തിലെ രണ്ട് റോഡുകൾ , എട്ടാം ഘട്ടത്തിലെ മൂന്ന് റോഡുകൾ എന്നിവ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ റീ ടെൻഡർ ഉൾപ്പെടെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) എഗ്രിമെന്റ് വച്ചിട്ടുള്ള ഐ. റ്റി. സി. - കോടമ്പനാടി, വാരയത്തോട് - വട്ടടി റോഡുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

പി.എം.ജി.എസ്.വൈ പദ്ധതി

1376. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതി മുഖേന നിർമ്മിക്കുന്നതിനായി 2014 - 15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 75 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച് നിർമ്മിച്ച റോഡുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

### പി.എം.ജി.എസ്.വൈ പദ്ധതി അങ്കമാലി നിയോജക മണ്ഡലത്തിൽ.

1377. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അങ്കമാലി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള റോഡുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ?

### പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരമുള്ള ഉദുമ മണ്ഡലത്തിലെ റോഡുകൾ

1378. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഉദുമ മണ്ഡലത്തിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; റോഡുകളുടെ പേരും അനുവദിച്ച തുകയും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ റോഡുകൾ

1379. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾ അമ്പലപ്പുഴ മണ്ഡലത്തിൽ മുടങ്ങിക്കിടപ്പുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ നിന്നും പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതെങ്കിലും റോഡുകളുടെ പ്രപ്പോസലുകൾ നിലവിലുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ഡി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ?

### മലയോര വികസന ഏജൻസി

1380. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസി (HADA) എന്നാണ് രൂപീകരിച്ചത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഘടനാരൂപം എന്നിവ വ്യക്തമാക്കാമോ ;

(ബി) മലയോര വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് പ്രസ്തുത ഏജൻസിക്ക് അധികാരമുള്ളത് ; ഇതിനുള്ള ഫണ്ട് എങ്ങിനെയാണ് ലഭ്യമാക്കുന്നത് ; പദ്ധതികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ നൽകുന്നത് ആരാണ് ; പ്രവൃത്തികൾ നടപ്പാക്കുന്നത് എങ്ങനെ ; ആർക്കാണ് ഇവയുടെ നിർവ്വഹണ ചുമതലയുള്ളത് ;

(സി) രൂപീകരിച്ച വർഷം മുതൽ ഓരോ സാമ്പത്തികവർഷവും എത്ര തുക വീതമാണ് ഏജൻസിക്ക് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത തുക ഏതൊക്കെ പദ്ധതികൾക്കായാണ് അനുവദിച്ചിട്ടുള്ളത് എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) പത്തനംതിട്ട ജില്ലയിൽ 2014-15 വർഷത്തിൽ നടപ്പാക്കാനായി അംഗീകാരം ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് പേരും തുകയും സഹിതം വ്യക്തമാക്കാമോ;

(ഇ) നടപ്പ സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ ആയിട്ടുണ്ടോ ; ആരാണ് പദ്ധതികൾ സമർപ്പിക്കേണ്ടത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>മലയോര വികസന ഏജൻസിവഴി കല്പ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ</u>

1381. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസി മുഖേന കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി, സങ്കേതികാനുമതി എന്നിവ ലഭിച്ചുവെന്നും എതെല്ലാം പദ്ധതികൾ പൂർത്തിയാക്കിയെന്നും അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇനിയും പൂർത്തിയാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും അവ ഏതു ഘട്ടംവരെയെത്തി എന്നുമുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ;

<u>ദീൻ ദയാൽ ഗ്രാമീൺ കൗശല്യായോജന</u>

1382. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി തുടങ്ങുന്ന ദീൻ ദയാൽ ഗ്രാമീൺ കൗശല്യായോജന പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായുള്ള കേന്ദ്രഫണ്ടും സംസ്ഥാനഫണ്ടും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

<u>ഇന്ദിര ആവാസ് യോജന</u>

1383. ശ്രീ.വി.എസ്.സുനിൽ കുമാർ

,, ഇ.ചന്ദ്രശേഖരൻ

,, ചിറ്റയം ഗോപകുമാർ

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര പദ്ധതിയായ ഇന്ദിര ആവാസ് യോജന പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര വിഹിതം എത്രയാണ് ; ഈ തുക വെട്ടിക്കുറച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതമായി എത്ര തുക നൽകുന്നുണ്ട് ; ഈ തുക വിതരണം നിറുത്തിവച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; സംസ്ഥാന സർക്കാർ വിഹിതമായ മൊത്തം കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ ?

<u>റാന്നി നിയോജക മണ്ഡലത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികൾ</u>

1384. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളായി റാന്നി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വർഷം, പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്ര എന്ന് പഞ്ചായത്ത് തിരിച്ച് പട്ടിക ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ പ്രവർത്തനം ഈ നിയോജക മണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ടോ ; ഏതൊക്കെ പഞ്ചായത്തുകളിലാണ് അവ ആരംഭിച്ചിട്ടുള്ളത് ; എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് പ്രസ്തുത കേന്ദ്രങ്ങൾ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത് ; ഇവയുടെ പ്രവർത്തനത്തിനുള്ള ഫണ്ട് ലഭ്യമാക്കുന്നത് എങ്ങനെയാണ് ;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>റാന്നി നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തിയിരുന്ന റോഡുകൾ</u>

1385. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം റാന്നി നിയോജകമണ്ഡലത്തിൽ 2011-12 മുതൽ 2014-15 വരെ പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ലക്ഷ്യമിട്ടിരുന്ന റോഡുകൾ ഏതൊക്കെ എന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ; റോഡുകളുടെ ദൂരം, അടങ്കൽ തുക എന്നിവയടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇവയിൽ നിർമ്മാണം പൂർത്തിയാക്കിയവ ഏതൊക്കെ ; പൂർത്തിയാക്കാതിരുന്ന റോഡുകളും അവയുടെ കാരണവും വ്യക്തമാക്കാമോ ; ഇവയുടെ ഏതെങ്കിലും നിർമ്മാണം കരാറുകാരൻ ഉപേക്ഷിച്ച് പോയിട്ടുണ്ടോ ; എങ്കിൽ അവ ഏതെന്ന് വ്യക്തമാക്കാമോ ;

(സി) പണി ഉപേക്ഷിച്ചുപോയ കരാറുകാരുടെ കാര്യത്തിലും, റോഡുകളുടെ പുനർനിർമ്മാണത്തിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) 2015-16 വർഷത്തിൽ ഏതൊക്കെ റോഡുകളാണ് പി.എം.ജി.എസ്.വൈ പ്രകാരം നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിനുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ?

## <u>ഇന്ദിര ആവാസ്യോജനയ്ക്കായി വകയിരുത്തിയ തുക</u>

1386. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ്യോജന നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായ തുക നൽകുന്നതിന് കഴിഞ്ഞ നാലു വർഷമായി എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത് ; ഓരോ വർഷത്തേയും കണക്ക് വ്യക്തമാക്കാമോ;

(ബി) വകയിരുത്തിയ തുകയിൽ എത്ര അനുവദിച്ചു എന്നും അനുവദിച്ച വീടുകളുടെ എണ്ണം എത്രയായിരുന്നു എന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്ര സഹായമായി കഴിഞ്ഞ നാലു വർഷത്തിനുളളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ വിശദമാക്കാമോ;

(ഡി) കേന്ദ്ര സഹായവും സംസ്ഥാന സഹായവും കുടിശ്ശികയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

## <u>ജനശ്രീ'</u>

1387. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 'ജനശ്രീ' ക്ക് അനുവദിച്ചിട്ടുളള സഹായങ്ങൾ എന്തൊക്കെയാണ് ;

(ബി) 'ജനശ്രീ'യിൽ ഈയിടെയുണ്ടായ തട്ടിപ്പിനെ സംബന്ധിച്ച വിവരം ലഭിച്ചിട്ടുണ്ടോ ; അതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

## <u>ഇന്ദിരാ ആവാസ് യോജന</u>

1388. ശ്രീ.ഷാഫി പറമ്പിൽ

,, വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തെ ല്ലാമാണ്; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഐ.എ.വൈ .പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## ആലപ്പുഴ ജില്ലയിൽ നബാർഡ് സഹായ പദ്ധതികൾ

1389. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായപദ്ധതികൾ നിലവിലുള്ളത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ അനുവദിച്ച നബാർഡ് സഹായപദ്ധതികളുടെ വിശദാംശം നൽകുമോ ;

(ഡി) നബാർഡ് സഹായ പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽ നിന്നും പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

## വൻകിട അടിസ്ഥാനസൗകര്യ പദ്ധതികൾ

1390. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, ജെയിംസ് മാത്യു

,, എ. പ്രദീപ്കുമാർ

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിച്ച വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ ;

(ബി) അവ ഓരോന്നും ഇപ്പോൾ നടത്തിപ്പിന്റെ ഏതുഘട്ടത്തിലെത്തി നില്ക്കുന്നുവെന്നറിയിക്കാമോ ;

(സി) 2011ലെ ബജറ്റിൽ പഖ്യാപിച്ച അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെയുള്ളവയ്ക്ക് എന്തു തുകയാണ് ഇതുവരെ നീക്കിവെച്ചിട്ടുള്ളത് ; അതിൽ എന്തു തുക

ചെലവഴിക്കപ്പെട്ടു ;വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രഖ്യാപിച്ച പല പദ്ധതികളും ആരംഭിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ?

<u>ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണം</u>

1391. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തുവാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

<u>പ്രാദേശിക വികസന അതോറിറ്റികൾ/ഏജൻസികൾ</u>

1392. ശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകരിച്ച പ്രാദേശിക വികസന അതോറിറ്റികൾ/ഏജൻസികൾ എതെല്ലാമാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത അതോറിറ്റികൾക്ക്/ഏജൻസികൾക്ക് കഴിഞ്ഞ ഓരോ സാമ്പത്തിക വർഷത്തിലും എന്തു തുക വീതം നൽകിയെന്നും അതിൽ എന്തു തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പ്രസ്തുത അതോറിറ്റികൾ /ഏജൻസികൾ രൂപീകരിച്ചതിനുള്ള ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോയെന്ന് അറിയിക്കാമോ?

<u>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ</u>

1393. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിൽ, 2015 ജൂലായ് 31 വരെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ ഉണ്ടാകും എന്നു വ്യക്തമാക്കാമോ;

(ബി) എക്സ്റ്റൻഷൻ ഓഫീസർമാരുടെ സംയോജിത സീനിയോറിറ്റി പട്ടികയിൽ നിന്നും ഏതു റാങ്കു നമ്പർ വരെ ഉള്ള ജോയിന്റ് ബി.ഡി.ഒ മാർ ടി ഒഴിവുകളിലേക്ക് ഉദ്യോഗകയറ്റം നല്കി നിയമിക്കപ്പെടും എന്നു വ്യക്തമാക്കുമോ?

<u>ഗ്രാമവികസന പദ്ധതി</u>

1394. ശ്രീ.വി.ഡി.സതീശൻ

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന പദ്ധതികളുടെ നിർവ്വഹണത്തിൽ കേന്ദ്ര മാനദണ്ഡങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നിർവ്വഹണത്തിന് കേന്ദ്ര മാനദണ്ഡങ്ങളിൽ എന്തെല്ലം ഇളവുകൾ വരുത്തുകയുണ്ടായി ;

(ഡി) പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയത് മൂലം എന്തെല്ലാം നേട്ടങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ ഗ്രാമീണ റോഡുകൾ

1395. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ എത്ര ഗ്രാമീണ റോഡുകൾ അനുവദിച്ചിട്ടുണ്ട് ; ഏതെല്ലാം പദ്ധതി പ്രകാരമാണ് പ്രസ്തുത റോഡ് അനുവദിച്ചിട്ടുള്ളത് ; അവയുടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ നൽകാമോ ;

(ബി) കാസർഗോഡ് മണ്ഡലത്തിലെ കാറടുക്ക പഞ്ചായത്തിലെ മിഞ്ചിപദവ് റോഡ് പുനർനിർമ്മിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ ?

## ഒറ്റപ്പാലം മണ്ഡലത്തിലെ കോട്ടപ്പുറം-കാവുണ്ട-തോട്ടറ റോഡ് നിർമ്മാണം

1396. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം-കാവുണ്ട-തോട്ടറ റോഡ് നിർമ്മാണത്തിനായി ആർ. ഐ. ഡി . എഫ് . സ്കീമിൽ ഉൾപ്പെടുത്തി നബാർഡ് ധനസഹായം ലഭ്യമാക്കണമെന്ന പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ മുഖേന എത്ര തുകയാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

## ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഭക്ഷ്യപോഷകാഹാര സംസ്കരണ കേന്ദ്രം

1397. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഭക്ഷ്യപോഷകാഹാര സംസ്കരണ കേന്ദ്രം കുടുംബശ്രീ മിഷന് കൈമാറുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ?

## തൊഴിലുറപ്പ് പദ്ധതി

1398. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഓരോ സാമ്പത്തിക വർഷവും തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിൽ ദിനങ്ങൾ നൽകിയെന്ന് വിശദമാക്കാമോ;

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ എത്ര തൊഴിലാളികൾക്ക് ആകെ എത്ര തുക കുടിശ്ശികയുണ്ടെന്ന് അറിയിക്കാമോ?

## തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ധനസഹായ പദ്ധതി

1399. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തവർക്ക് സ്കൂൾ തുറക്കുന്നതോടനുബന്ധിച്ച് ആയിരം രൂപാ വീതം നൽകുന്ന ധനസഹായ പദ്ധതി ഏത് സാമ്പത്തിക വർഷമാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) അതിന് ശേഷമുള്ള ഓരോ സാമ്പത്തിക വർഷത്തിലും പ്രസ്തുത തുക എത്ര പേർക്ക് വീതം നൽകിയെന്നറിയിക്കാമോ;

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

1400. ശ്രീ.വി.പി.സജീന്ദ്രൻ

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇക്കാലയളവിൽ എന്തെല്ലാം ഭൗതിക -സാമ്പത്തിക നേട്ടങ്ങളാണ്

കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലെ സ്ത്രീത്തൊഴിലാളികൾക്ക് എന്തെല്ലാം പ്രോൽസാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ;വിശദാംശങ്ങൾ നൽകുമോ ;

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

1401. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014 -15 സാമ്പത്തിക വർഷത്തിൽ ആകെ എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര പേർക്ക് പ്രസ്തുത കാലയളവിൽ തൊഴിൽ നൽകിയെന്നും ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഇക്കാലയളവിൽ എത്ര തുക വേതനമായി നൽകിയെന്നും, വേതന കുടിശ്ശിക നിലവിലുണ്ടോയെന്നും എങ്കിൽ അത് എത്രയാണെന്നും വിശദമാക്കാമോ ?

<u>പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന</u>

1402. ശ്രീ.കെ.ശിവദാസൻ നായർ

,, ടി.എൻ. പ്രതാപൻ

,, കെ.മുരളീധരൻ

,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുക വീതമാണ് 2014-15 ൽ നീക്കിവെച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>കുടുംബശ്രീയുടെ പ്രവർത്തനം</u>

1403. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.കെ.രാധാകൃഷ്ണൻ

,, എം. ഹംസ

ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കുടുംബശ്രീയുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കുടുംബശ്രീക്ക് 2014-15 ബജറ്റില്‍ വകയിരുത്തിയ തുക എത്രയാണ് ;

(സി) എന്തെല്ലാം പദ്ധതികളാണ് കുടുംബശ്രീ ഈ വര്‍ഷം ഏറ്റെടുത്ത് നടപ്പാക്കിയത് എന്നറിയിക്കാമോ ;

(ഡി) കുടുംബശ്രീ മുഖേന നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങള്‍ നല്‍കാമോ ;

(ഇ) 2014-15 ബജറ്റില്‍ വകയിരുത്തിയ തുകയില്‍ ചെലവഴിച്ച തുക എത്ര ?

## <u>ഗ്രാമവികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികള്‍</u>

1404. ശ്രീ.അബ്ദുറഹിമാന്‍ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമവികസനത്തിനായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതികള്‍ക്കായി കേന്ദ്രത്തില്‍ നിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2011 മുതല്‍ 2015 വരെയുള്ള സാമ്പത്തിക വര്‍ഷങ്ങളില്‍ ലഭ്യമായ ഫണ്ടില്‍ നിന്നും എത്ര തുക വീതം വിനിയോഗിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## <u>ബ്ലോക്ക് പഞ്ചായത്തുകളുടെ **2014-15 -**ലെ പ്ലാന്‍ എക്സ്പെന്‍ഡിച്ചര്‍</u>

1405. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ 2014-15 -ലെ പ്ലാന്‍ എക്സ്പെന്‍ഡിച്ചര്‍ എത്രയെന്ന് ശതമാനം ഉള്‍പ്പടെ വിശദമാക്കാമോ ;

(ബി) 2015-16 ലേക്കുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നിര്‍ദ്ദേശങ്ങള്‍ വിശദമാക്കാമോ ?

## <u>മിഷന്‍ **676**ല്‍ ഉള്‍പ്പെടുത്തിയ ഗ്രാമീണ വികസന പദ്ധതികള്‍</u>

1406. ശ്രീ.സണ്ണി ജോസഫ്

**,,** എം.എ. വാഹീദ്

**,,** വി.റ്റി.ബല്‍റാം

**,,** പി.എ.മാധവന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മിഷന്‍ 676ല്‍ ഉള്‍പ്പെടുത്തി ഗ്രാമീണ വികസനത്തിന് പദ്ധതികള്‍ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

## അങ്കമാലി നിയോജക മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

1407. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ അങ്കമാലി നിയോജക മണ്ഡലത്തിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ, ഏതൊക്കെ പ്രദേശങ്ങളിൽ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനായി ഓരോ പ്രവൃത്തിക്കും എത്ര തുക വീതം നീക്കി വച്ചിരുന്നുവെന്നും വ്യക്തമാക്കാമോ ?

## വൻകിട പദ്ധതികൾ

T 1408. ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൻകിട പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഓരോന്നും നിലവിൽ വന്നത് ഏത് വർഷത്തിലായിരുന്നുവെന്നും വിശദമാക്കാമോ?

(ബി) നിലവിൽ നിർമ്മാണം നടക്കുന്ന വൻകിട പദ്ധതികൾ ഓരോന്നിനും രൂപം നല്കിയത് ഏത് വർഷത്തിലായിരുന്നുവെന്നും കമ്മീഷൻ ചെയ്യപ്പെട്ട തീയതികൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ ;

(സി) കൊച്ചി മെട്രോ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് തുടക്കം കുറിച്ചത് എപ്പോഴായിരുന്നുവെന്ന വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ എയർപോർട്ടിനാവശ്യമായ ഭൂമി അക്വയർ ചെയ്തത് എപ്പോഴായിരുന്നുവെന്ന വെളിപ്പെടുത്തുമോ ;

(ഇ) സ്മാർട്ട് സിറ്റി കരാറിൽ ഒപ്പ് വെച്ചത് എപ്പോഴായിരുന്നുവെന്ന വ്യക്തമാക്കുമോ ;

(എഫ്) വിഴിഞ്ഞം പദ്ധതിക്കാവശ്യമായ ഭൂമി അക്വയർ ചെയ്യലിനും അടിസ്ഥാന സൗകര്യവികസനത്തിനും തുടക്കം കുറിച്ചത് എപ്പോഴായിരുന്ന ; വിശദമാക്കുമോ ;

(ജി) കോഴിക്കോട് ബൈപ്പാസിന്റെ ഒന്നാംഘട്ട നിർമ്മാണം ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നുവെന്ന വെളിപ്പെടുത്തുമോ ;

## സഹകരണ, സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങൾ

T 1409. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഫണ്ട് മാത്രം ആശ്രയിച്ച് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയില്ലെന്ന് കരുതുന്നുണ്ടോ ; സഹകരണ, സ്വകാര്യ മേഖലകളിൽ നിക്ഷേപം വളർത്തിയെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) സർക്കാറിതരനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുമ്പോൾ തന്നെ സഹകരണ മേഖലയിൽ ഉയർന്നുവന്ന പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളെ ഏറ്റെടുക്കാൻ തീരുമാനിച്ചതു വഴി, നിക്ഷേപകർക്ക് നൽകുന്ന സന്ദേശം എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) സർക്കാർ ഇതര മേഖലകളിൽ വളർന്നുവരുന്ന ഏതെല്ലാം സ്ഥാപനങ്ങളെ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നു ; നെടുമ്പാശ്ശേരി വിമാനത്താവള കമ്പനിയെ സർക്കാരിന്റെ പൂർണ അധീനതയിലാക്കാനുദ്ദേശിക്കുന്നുണ്ടോ ?

## പദ്ധതി അടങ്കൽ തുക

1410. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011-12 മുതൽ ഓരോ വർഷവും അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്ര; ഇവയ്ക്ക് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചുവോ ;

(ബി) ഓരോ വർഷവും ഓരോ വകുപ്പും ചിലവാക്കിയ തുക എത്ര ; പൂർണ്ണമായും പ്രസ്തുത തുക ചിലവാക്കിയോ; ഇല്ലെങ്കിൽ ചിലവാക്കാനാകാത്ത തുക എത്ര; ലാപ്സായ തുക എത്ര ; വകുപ്പുകൾ വകമാറ്റി ചിലവാക്കിയ തുക എത്ര ;

(സി) നടപ്പ് വർഷം തീരുമാനിച്ച പദ്ധതി അടങ്കൽ തുക എത്ര ; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; ആയത് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചത് എന്നാണെന്നും അനുമതി ലഭിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ ;

(ഡി) 2015-16വർഷത്തെ പദ്ധതിയടങ്കലിൽ മാലിന്യ സംസ്കരണം, ഭൂരഹിതരില്ലാത്ത കേരളം, ജലനിധി, ശുചിത്വകേരളം, പകർച്ചവ്യാധി തടയൽ, മഴക്കാല പരിസര ശുചീകരണം എന്നിവയ്ക്കായി നിശ്ചയിച്ച പദ്ധതി വിഹിതം എത്ര ; നാളിതുവരെ എത്ര തുക ചിലവാക്കി; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) നടപ്പ് വർഷം കൂടുതൽ കേന്ദ്ര സഹായം ലഭിക്കാനായി എന്തു നടപടികൾ സ്വീകരിച്ചു ; കത്തിടപാടുകളുടെ പകർപ്പുകളും കേന്ദ്ര സർക്കാരിന്റെ മറുപടികളുടെ പകർപ്പുകളും ലഭ്യമാക്കുമോ ?

## ബജറ്റ് വിഹിതവും ചെലവഴിച്ച തുകയും

1411. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ ബജറ്റ് വിഹിതത്തിൽ വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക എത്ര; ഓരോ വകുപ്പും ചെലവാക്കിയ തുക എത്ര; 2015-16 -ൽ വിവധ വകുപ്പുകൾക്ക് അനുവദിച്ച തുക എത്ര;

(ബി) 2014-15 വർഷം ആസൂത്രണ ബോർഡ് വിവിധ വകുപ്പുകൾക്ക് അംഗീകരിച്ച നൽകിയ ബജറ്റ് വിഹിതം എത്ര; എത്ര തുക ഓരോ വകുപ്പും ചെലവാക്കി; അത് എത്ര ശതമാനം;

ബാക്കി തുക എപ്രകാരം വിനിയോഗിക്കാൻ ബോർഡ് അനുമതി നൽകി; 2015-16 വർഷം ആസൂത്രണ ബോർഡ് അംഗീകരിച്ച കണക്കും, നാളിതുവരെ വിനിയോഗിച്ച കണക്കും ലഭ്യമാക്കുമോ;

(സി) 2014-15 വർഷം വിഴിഞ്ഞം തുറമുഖം, മെട്രോ പദ്ധതി, മോണോ റെയിൽ, പാലക്കാട് ഐ.ഐ.റ്റി തുടങ്ങിയ ഫ്ലാഗ് ഷിപ്പ് പദ്ധതികൾക്കായി മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ടുകളുടെ പ്രവൃത്തികൾക്കായി എത്ര തുക മാറ്റി വച്ചു; എത്ര കേന്ദ്ര സഹായം ലഭിച്ചു; എത്ര തുക സംസ്ഥാന ഫണ്ട് ഉണ്ടായിരുന്നു; എത്ര തുക ചെലവാക്കി; ബാക്കി തുകക്ക് എന്ത് നടപടികൾ സ്വീകരിച്ചു എന്നും പ്രസ്തുത ഫണ്ടുകളുടെ 2015-16-ലെ വിശദാംശം എന്ത് എന്നും വ്യക്തമാക്കുമോ?

## ആജീവിക സ്കിൽഡ് പ്രോഗ്രാം

1412. ശ്രീ.എം.എ.ബേബി
,, കെ. ദാസൻ
,, കെ.വി.അബ്ദുൾ ഖാദർ
ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ആജീവിക സ്കിൽഡ് പ്രോഗ്രാമിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പദ്ധതിയിലൂടെ 2014-15 ൽ ലക്ഷ്യമിട്ട കാര്യങ്ങൾ വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിലേക്കായി കേന്ദ്രസർക്കാർ നൽകിയ തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ പോരായ്മകൾ കടന്നു കൂടിയിട്ടുണ്ടോ ; വിശദമാക്കുമോ ?

## കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം

1413. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം സംസ്ഥാനത്ത് ആസൂത്രണ കമ്മീഷൻ അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്രയായിരുന്നുവെന്ന് പറയാമോ;

(ബി) ഇതിൽ പദ്ധതി നിർവ്വഹണത്തിനുവേണ്ടി വിവിധ വകുപ്പുകൾക്ക് സർക്കാർ അനുവദിച്ച തുകയും അതിൽ ചെലവഴിച്ച തുകയും എത്രയാണ് ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തോടെയോ അല്ലാതെയോ സർക്കാർ പദ്ധതി തുകയിൽ കുറവ് വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം പൂർത്തിയാക്കാത്തതിന്റെ കാരണങ്ങൾ പറയാമോ ?

റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് ഗ്രാന്റ്

1414. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ൽ പദ്ധതി - പദ്ധതിയിതര ഇനങ്ങളിൽ റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് ഗ്രാന്റ് എത്രയായിരുന്നു ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഗ്രാന്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക എത്രയെന്ന് അറിയിക്കാമോ ; ഇതിൽ പ്രസ്തുത സ്ഥാപനങ്ങൾ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) 2014-2015-ൽ ഇതിനായി എത്ര തുകയാണ് നീക്കിവച്ചതെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

പബ്ളിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

T 1415. ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ളിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ ; ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഘടന

1416. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ആയത് സംബന്ധിച്ച നിർദ്ദേശം കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ ;

(സി) കേന്ദ്ര ആസൂത്രണബോർഡ് പിരിച്ചുവിട്ട് നീതി ആയോഗ് രൂപീകരിച്ചതുമൂലം സംസ്ഥാനത്ത് പദ്ധതി പ്ലാനിംഗിൽ എന്തെങ്കിലും പ്രയാസം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

പ്ലാൻ സ്പെയ്സ് സംവിധാനം

1417. ശ്രീ.എം.എ. വാഹീദ്

,, ഐ.സി.ബാലകൃഷ്ണൻ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ പ്ലാൻ സ്പെയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) വികസന പദ്ധതികളുടെ പുരോഗതി ഓൺ ലൈനായി വിലയിരുത്തുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രസ്തുത സംവിധാനം ഒരുക്കാനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## പദ്ധതികളുടെ സുഗമമായ നിർവ്വഹണം

T 1418. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായി നില്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) പദ്ധതികളുടെ പുരോഗതിക്ക് തടസ്സമായി കരുതുന്ന ഏതൊക്കെ ചട്ടങ്ങളാണ് കണ്ടെത്തിയിട്ടുള്ളത് ; എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്?

## സംസ്ഥാനത്ത് ആരംഭിച്ച കേന്ദ്ര സ്ഥാപനങ്ങളും പ്രൊജക്ടുകളും

T 1419. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആരംഭിച്ച കേന്ദ്ര സ്ഥാപനങ്ങളും പ്രോജക്ടുകളും ഏതെല്ലാമെന്നും അവയുടെ മുതൽമുടക്കുകൾ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) സ്ഥലം ലഭ്യമാകാത്തതുമൂലം പുതുതായി ഏതെങ്കിലും പ്രൊജക്ടുകൾ ആരംഭിക്കുന്നതിന് തടസ്സം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ ?

## സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പന്ത്രണ്ടാം പദ്ധതി

1420. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പന്ത്രണ്ടാം പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയെന്നറിയിക്കുമോ;

(ബി) പന്ത്രണ്ടാം പദ്ധതിയുടെ ഇതുവരെയുള്ള വാർഷിക പദ്ധതിയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതി

T 1421. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മേയ് മുതൽ കേന്ദ്രാവിഷ്കൃത പദ്ധതി വഴി സംസ്ഥാനത്തിന് ലഭിച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെങ്കിലും പദ്ധതിയുടെ തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക</u>

1422. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോവർഷവും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് പ്രത്യേകം വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>കേന്ദ്രപദ്ധതികൾ നടപ്പാക്കാൻ അനുവദിക്കുന്ന പണം തടഞ്ഞ് വയ്ക്കൽ</u>

1423. ശ്രീ.എ. കെ. ശശീന്ദ്രൻ
**,,** തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപദ്ധതികൾ നടപ്പാക്കാൻ അനുവദിക്കുന്ന പണം സംസ്ഥാന സർക്കാർ തടഞ്ഞ് വയ്ക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിക്കായി നൽകിയ ആദ്യഗഡു തടഞ്ഞു വച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) കേന്ദ്ര ഗവൺമെന്റ് നൽകുന്ന പണം പദ്ധതികൾക്ക് നൽകാതെ തടഞ്ഞു വച്ചാൽ തുടർന്ന് സംസ്ഥാനത്തിന് കേന്ദ്ര ഫണ്ട് നൽകില്ലായെന്ന് അറിയിച്ചുകൊണ്ടുള്ള കത്ത് ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

<u>കേന്ദ്രാവിഷ്കൃതപദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം ഉപയോഗിച്ച തുക</u>

1424. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃതപദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു ; അതിൽ എത്ര തുക 2015 മേയ് മാസം വരെ ചെലവാക്കി ; വകുപ്പുതിരിച്ചും ഇനം തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15വർഷം എത്ര തുക വകയിരുത്തി;, എത്ര തുക അനുവദിച്ചു; എത്ര തുക ഓരോ വകുപ്പും ചെലവാക്കി ;എത്ര തുക ലാപ്സായി; എത്ര തുക വകമാറ്റി

ചെലവാക്കി ; വ്യക്തമാക്കുമോ ;

(സി) 2014-15 വർഷം ചെലവാക്കാൻ കഴിയാത്ത തുക എത്ര; ഇതിൽ എത്ര തുക കേന്ദ്ര അനുമതിയോടുകൂടി 2015-16 വർഷം ചെലവാക്കാനായി മാറ്റി വച്ചിട്ടുണ്ട്; ഇത്തരത്തിൽ 2011-12 മുതൽ ചിലവാക്കാനായി കേന്ദ്ര അനുമതി ലഭിച്ച തുക എത്ര;വ്യക്തമാക്കുകമോ;

(ഡി) ഇത്തരത്തിൽ ഒരു സാമ്പത്തിക വർഷം കേന്ദ്രം അനുവദിക്കുന്ന തുകയിലെ ഒരു ഭാഗം അടുത്ത വർഷം ഉപയോഗിക്കേണ്ടി വന്നിട്ടുണ്ടോ; 2011-12 മുതലുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) ഇത് സർക്കാരിന്റെ ആസൂത്രണ വിഭാഗത്തിന് വന്ന പിഴവാണോ, അല്ലെങ്കിൽ മറ്റു കാരണങ്ങളാണോ എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) എങ്കിൽ പ്രസ്തുത കാരണത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(ജി) 2011-12വർഷം മുതൽ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കുറവു വന്നിട്ടുണ്ടോ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; കുറവു വന്നിട്ടുണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

<u>മിഷൻ **676**</u>

1425. ശ്രീ.ആർ . സെൽവരാജ്

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മിഷൻ 676 പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വിശദമാക്കുമോ;

(ഡി) പദ്ധതികൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നല്കുമോ ?

<u>മിഷൻ **676** വഴി നടപ്പാക്കുന്ന പദ്ധതികൾ</u>

1426. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകിരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

പാൽ ഉൽപ്പാദനം

1427. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാൽ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞതായി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മിൽമ ശേഖരിക്കുന്നതും വിൽക്കുന്നതുമായ പാലിന്റെ അളവുകൾ തുല്യമാണോ ; വ്യത്യാസമുണ്ടെങ്കിൽ എത്രയെന്നും കാരണമെന്തെന്നും വിശദമാക്കാമോ ;

(സി) മിൽമ പാൽ വില ചാർട്ടറിൽ മാറ്റം വരുത്തുവാൻ തയ്യാറാകുമോ ;

(ഡി) അപ്കോസ് സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് അളവിന് അനുപാതികമായി പകുതി വിലക്ക് കാലിത്തീറ്റ നൽകാൻ നടപടി സ്വീകരിക്കുമോ ?

ക്ഷീര കർഷകർക്ക് നഷ്ടപരിഹാരം

1428. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 -ൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കുളമ്പുരോഗം ബാധിച്ച് പശുക്കൾ ചത്തതുമൂലം എത്ര ക്ഷീര കർഷകർക്ക് നഷ്ടപരിഹാരം നൽകിയെന്നറിയിക്കാമോ ; ഇനി ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാനുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ബി) പശുക്കൾ നഷ്ടപ്പെട്ടത് മൂലം ബാങ്ക് വായ്പ അടയ്ക്കുവാൻ നിവർത്തിയില്ലാത്ത എത്ര കർഷകരുടെ വായ്പയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചുവെന്നും എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുവെന്നും ഇവയിന്മേൽ എന്തു നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുവെന്നും വിശദീകരിക്കുമോ ?

പാലിന്റെ ഗുണനിലവാര പരിശോധന

T 1429. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്ര ലിറ്റർ പാൽ എത്തുന്നുണ്ടെന്നും ഇവയിൽ മായം ചേർക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്നും വെളിപ്പെടുത്താമോ?

<u>സംസ്ഥാനത്തെ പാലുല്പാദനം</u>

1430. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഒരു ലിറ്റർ പാലിന് വില എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നും എത്ര തുകയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാലുല്പാദനം എത്ര ലിറ്റർ ആയിരുന്നു ; നിലവിൽ എത്ര ; ഓരോ വർഷവും സംസ്ഥാന സഹകരണ മേഖലാ ഡയറികൾ പ്രവർത്തനങ്ങൾക്കായി അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ വാങ്ങുന്നു ; ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ വീതം എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പാലുല്പാദനത്തിനും വിതരണത്തിനുമായി ഏതെല്ലാം സർക്കാർ ഏജൻസികൾ, സഹകരണസ്ഥാപനങ്ങൾ, മറ്റു സംസ്ഥാന ഏജൻസികൾ ഉണ്ടെന്നും ഇവർ ഓരോരുത്തർക്കും എത്ര അളവു വീതം വിതരണം ചെയ്യുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) പാൽ സർക്കാർ തലത്തിൽ വിതരണം ചെയ്യുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>സംസ്ഥാനത്തെ പാലുൽപ്പാദനം</u>

1431. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമായ പാലിന്റെ എത്ര ശതമാനമാണ് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ക്ഷീരകർഷകരെ തൊഴിലുറപ്പു പദ്ധതിയുടെ പരിധിയിൽപെടുത്തുന്നതിന് നടപടി</u>

1432. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരെ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

## ക്ഷീരകർഷകർക്കുള്ള പെൻഷൻ

1433. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് എന്നു മുതലാണ് പെൻഷൻ അനുവദിച്ചത് ;

(ബി) എത്ര രൂപയായിരുന്നു പെൻഷൻ ; ഇപ്പോൾ എത്ര രൂപയാണ് ;

(സി) എത്ര പേർക്ക് ഈ പദ്ധതിയിലൂടെ പെൻഷൻ നൽകുന്നുണ്ട് ; ഏത് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ ?

## കെ. രാഘവൻ മാസ്റ്റർക്ക് സ്മാരകം

1434. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ചലച്ചിത്ര സംഗീത ശാഖക്ക് അമൂല്യ സംഭാവനകൾ നൽകിയ കെ. രാഘവൻ മാസ്റ്റർക്ക് തലശ്ശേരിയിൽ സ്മാരകം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി എന്തു തുക നീക്കിവച്ചെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സ്മാരക നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

## കവി കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം

1435. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകത്തിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് അനുവദിച്ചതെന്നും എത്രയാണ് തുകയെന്നും അറിയിക്കുമോ ;

(ബി) വലപ്പാട്ട് കുഞ്ഞുണ്ണി മാസ്റ്റർ കുടുംബം സ്മാരക നിർമ്മാണത്തിന് അനുവദിച്ച സ്ഥലത്ത് സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ സ്മാരക കമ്മിറ്റിയെ നിയമിച്ചിരുന്നുവോ ; ഉണ്ടെങ്കിൽ കുഞ്ഞുണ്ണി സ്മാരക നിർമ്മാണം നടത്താത്തതിൽ ഈ ഭരണസമിതിക്ക് എന്തെങ്കിലും ഉത്തരവാദിത്തമുണ്ടോ എന്ന് വിശദമാക്കുമോ ?

## എൻ.എൻ. കക്കാട് സ്മാരക നിർമ്മാണം

1436. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ മഹാകവി എൻ.എൻ. കക്കാടിന് ജന്മദേശത്ത് സ്മാരകം പണിയുമെന്ന പ്രഖ്യാപനത്തെതുടർന്ന് ഗ്രാമ പഞ്ചായത്ത് ഭൂമി ലഭ്യമാക്കുകയും കേരള സാഹിത്യ അക്കാഡമി സ്മാരക കെട്ടിടത്തിന്റെ വിശദമായ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) സ്മാരകത്തിന് ഭരണാനുമതി നൽകി കെട്ടിട നിർമ്മാണ നടപടികൾക്കായി നിർദ്ദേശം നൽകാമോ ?

## ലക്കിടി കഞ്ചൻ സ്മാരകം

1437. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയമസഭാ നിയോജകമണ്ഡലത്തിലെ ലക്കിടി കഞ്ചൻ സ്മാരകത്തിന്റെ സമഗ്ര പുരോഗതിയ്ക്കായി താഴെ പറയുന്ന കാലയളവിലേക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ; 2006-07, 2007-08, 2008-09, 2009-10, 2010-11, 2011-12, 2012-13, 2013-14, 2014-15 ;

(ബി) ലക്കിടി കുഞ്ചൻ സ്മാരകത്തെ മലയാളം സർവ്വകലാശാലയുടെ പഠനകേന്ദ്രമാക്കണം എന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സ്മാരകത്തെ മലയാളം സർവ്വകലാശാലയുടെ പഠനകേന്ദ്രമാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## നൂറനാട് ശില്പപൈതൃക ഗ്രാമം പദ്ധതി

1438. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് ശില്പപൈതൃക ഗ്രാമം പദ്ധതി ആരംഭിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) നൂറനാട് ശില്പ പൈതൃക ഗ്രാമ പദ്ധതിയുടെ പ്രവൃത്തികളടങ്ങിയ ഫയൽ നമ്പർ അറിയിക്കാമോ ; അടിയന്തരമായി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

## തലശ്ശേരി കോട്ടയ്ക്ക് സമീപം കണ്ടെത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി

1439. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കോട്ടയ്ക്ക് സമീപം കണ്ടെത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി പൈതൃക സ്വത്തായി ഏറ്റെടുത്ത് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

### കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം

1440. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയത്തിൽ താൽകാലികമായി ജോലിചെയ്യുന്ന സ്വീപ്പർമാർ അടക്കമുള്ള ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

### മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

1441. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര ബുദ്ധജംഗ്ഷനിലെ ബുദ്ധസ്തൂപവും പ്രദേശവും സംരക്ഷിക്കുന്നതിനായി മാവേലിക്കര ബുദ്ധജംഗ്ഷൻ മുതൽ ആറാട്ടുകടവുവരെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

### കണ്ണപുരത്ത് കലാഗ്രാമം

1442. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരത്ത് കലാഗ്രാമം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; കലാഗ്രാമത്തിൻെറ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദമാക്കാമോ ?

### താഴത്തിടത്ത് ശ്രീ. മാധവൻ നായർക്ക് കലാകാരൻമാർക്കുള്ള സാമ്പത്തിക സഹായം

1443. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരൻമാർക്കുള്ള സാമ്പത്തിക സഹായത്തിന് കോഴിക്കോട് ജില്ലയിലെ താഴത്തിടത്ത് ശ്രീ.മാധവൻനായർ അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ശ്രീ. മാധവൻ നായർക്ക് സാമ്പത്തിക സഹായം അനുവദിക്കാനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ?

## സാംസ്കാരിക വകുപ്പിന് കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ / അക്കാഡമികൾ

1444. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ ഇപ്പോൾ എത്ര സാംസ്കാരിക സ്ഥാപനങ്ങൾ / അക്കാഡമികൾ പ്രവർത്തിക്കുന്നുണ്ട് ; വിശദമാക്കുമോ ;

(ബി) എങ്കിൽ ഈ അക്കാഡമികൾക്ക് ഓരോന്നിനും ഈ വർഷത്തെ പ്ലാൻഫണ്ടിൽ നിന്നും എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(സി) കൊണ്ടോട്ടി മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാഡമിക്ക് പ്ലാൻഫണ്ടിൽ നിന്നും തുക വകയിരുത്താൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക വകയിരുത്തി ; വ്യക്തമാക്കുമോ?

## രാജാരവിവർമ്മ സ്മാരക നിലയത്തിൽ സംഘടിപ്പിച്ച പരിപാടികൾ

1445. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജാരവിവർമ്മയുടെ 168-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയത്തിൽ എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആഘോഷ പരിപാടികൾക്കായി എന്ത് തുക ചെലവഴിച്ചിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിനായുള്ള ഫണ്ട് ലഭ്യമാക്കിയത് ഏത് ഏജൻസിയിൽ നിന്നുമാണെന്ന് വ്യക്തമാക്കാമോ?

## മിഷൻ 676 -ൽ ഉൾപ്പെട്ട സ്കാരിക രംഗത്തെ പദ്ധതികൾ

1446. **ശ്രീ.പി.സി വിഷ്ണുനാഥ്**

**,, എ.പി.അബ്ദുള്ളക്കുട്ടി**

**,, ജോസഫ് വാഴയ്ക്കൻ**

**,, തേറമ്പിൽ രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക രംഗത്ത് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

<u>സർക്കാർ പരസ്യങ്ങളിൽ മന്ത്രിമാരുടെ ചിത്രങ്ങൾ-സുപ്രീംകോടതി വിധി</u>

T 1447. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പരസ്യങ്ങളിൽ മുഖ്യമന്ത്രി, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ചിത്രങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിധി വന്നതിനുശേഷം സംസ്may be admitted as USഥാന സർക്കാരിന്റെ ചെലവിൽ നല്കിയ ഏതെങ്കിലും പരസ്യത്തിൽ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ രാഷ്ട്രീയ നേതാക്കളുടെയോ ഉദ്യോഗസ്ഥരുടെയോ ചിത്രം ഉപയോഗിക്കുകയുണ്ടായിട്ടുണ്ടോ ;may be admitted as US

(സി) സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ?

<u>വികസന സമന്വയം - ടാബ്ലോയ്ഡ് പ്രസിദ്ധീകരണം</u>

1448. ശ്രീ.രാജു എബ്രഹാം

,, ബി.സത്യൻ

,, കെ.വി.അബ്ദുൾ ഖാദർ

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര-പൊതുജന സമ്പർക്ക വകുപ്പ് വികസന സമന്വയം എന്ന പേരിൽ ടാബ്ലോയ്ഡ് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ആയതിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകാമോ ;

(സി) ആയതിന്റെ പ്രസിദ്ധീകരണച്ചുമതല ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത് ; അവരെ തെരഞ്ഞെടുത്ത രീതി വിശദമാക്കാമോ ;

(ഡി) വികസനസമന്വയത്തിന്റെ പ്രസിദ്ധീകരണച്ചെലവിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ ; എങ്കിൽ ആയത് ലഭ്യമാക്കുമോ ?

<u>സർക്കാർപരിപാടികൾ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ചെലവഴിച്ച തുക</u>

T 1449. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർപരിപാടികൾ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി എത്ര തുക ചെവഴിച്ചു ;

(ബി) ഓരോ വകുപ്പിന്റെയും കണക്ക് പ്രത്യേകം പ്രത്യേകം നൽകാമോ ?

## പത്രദൃശ്യമാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ

1450. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൻെറ വിവിധ പദ്ധതികൾ പ്രചരിപ്പിക്കുന്നതിന് പത്രദൃശ്യമാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾക്ക് പ്രതിവർഷം എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ സർക്കാരിൻെറ കാലയളവിൽ ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അച്ചടിച്ച മിക്ക പരസ്യങ്ങളും പ്രസിദ്ധീകരണങ്ങളും വിവിധ ഓഫീസുകളിൽ കെട്ടിക്കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ചെലവാക്കുന്ന തുക പൊതുജനോപകാരപ്രദമായ മറ്റു പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച് ഇത്തരം നഷ്ടങ്ങൾ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

## വിദേശ നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ നടപടി

1451. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് വിദേശ തൊഴിൽ നിയമങ്ങളെക്കുറിച്ച് അവബോധം കുറവായത് പലപ്പോഴും വിസ തട്ടിപ്പ്, അനധികൃത റിക്രൂട്ടിങ് എന്നിവയ്ക്ക് ഇടയാക്കുന്നുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്ന മലയാളികളെ ഇത്തരത്തിൽ കബളിപ്പിക്കുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(സി) ഇത്തരത്തിലുള്ള തട്ടിപ്പുകൾ കണ്ടെത്തുന്നതിനും തട്ടിപ്പുകാരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനും എന്തെങ്കിലും പ്രത്യേക പരിശോധനാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഏജൻസികളെ കണ്ടെത്തുന്നതിനായി പ്രത്യേക പരിശോധനകൾ/അന്വേഷണങ്ങൾ ആഭ്യന്തര വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുമോ ?

## ഗൾഫ് മേഖലയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്നവരുടെ പുനരധിവാസം

1452. ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശവൽക്കരണവും ആഭ്യന്തര കലാപവും കാരണം ഗൾഫ് മേഖലയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വന്നവരുടെ പുനരധിവാസത്തിന് 'നോർക്ക' വഴി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ബാങ്കുകൾ വഴി ധനസഹായം ലഭ്യമാക്കുന്നതിൽ നിലവിലുള്ള നിബന്ധനകൾ എന്തൊക്കെ ; വ്യക്തമാക്കുമോ ;

(സി) 'നോർക്ക'വഴി ഈ നിബന്ധനകൾ ലഘൂകരിക്കുന്നതിന് മുൻകൈയെടുക്കമോ ?

നഴ്സിങ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ

1453. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സിങ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ കാരണം വിസ ലഭിച്ച അനേകം നഴ്സുമാർക്ക് വിദേശത്ത് പോകാനാവാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; 1വിശദമാക്കാമോ ;

(ബി) ഇത് സംസ്ഥാനത്തെ നഴ്സുമാരെ ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിവരിക്കുമോ ;

(സി) പ്രസ്തുത നഴ്സുമാരെ സുരക്ഷിതരായി, വഞ്ചിക്കപ്പെടാതെ വിദേശത്ത് ജോലിക്ക് അയയ്ക്കുവാൻ പുതിയ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

പ്രവാസി മലയാളികളുടെ പുനരധിവാസം

1454. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യെമനിലുണ്ടായ ആഭ്യന്തര കലാപത്തെ തുടർന്ന് തിരിച്ചു പോരേണ്ടിവന്ന മലയാളികളുടെ പുനരധിവാസത്തിനും, പുനർനിയമനത്തിനുമായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവർക്ക് നിയമനം നൽകാൻ തയ്യാറായി വന്നിരുന്ന സ്വകാര്യസ്ഥാപനങ്ങളിൽ ഇവരുടെ നിയമനം ഉറപ്പാക്കുന്നതിനും, മറ്റുള്ളവർക്ക് നേരിട്ട് നിയമനം നൽകുന്നതിനും, ഇവരുടെ മക്കളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

പ്രവാസി രജിസ്ട്രേഷൻ നടപടിക്രമം

1455. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക മുഖേനയുള്ള പ്രവാസി രജിസ്ട്രേഷന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(ബി) രജിസ്റ്റർ ചെയ്തവർക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

നഴ്സിംഗ് റിക്രൂട്ട്മെന്റിലെ പുതിയ വ്യവസ്ഥകൾ

1456. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും

സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഴ്സിംഗ് പഠനം പൂർത്തിയാക്കിയവർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനായി നടത്തുന്ന റിക്രൂട്ട്മെന്റുകൾക്ക് കേന്ദ്രസർക്കാർ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ വിദേശത്ത് ജോലി തേടുന്ന നഴ്സുമാരുടെ ജോലി സാധ്യതയെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇവരുടെ റിക്രൂട്ട്മെന്റ് വ്യവസ്ഥകൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

## <u>തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികൾ</u>

1457. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ ക്രൂഡോയലിന്റെ വിലത്തകർച്ച ഗൾഫ് രാജ്യങ്ങളിൽ എണ്ണ, പ്രകൃതിവാതക മേഖലയിൽ ജോലിനോക്കുന്ന മലയാളികളുടെ തൊഴിലിനെ ബാധിക്കുമെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രതിസന്ധിമൂലം ഈ വർഷം തൊഴിൽനഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിയ്ക്കാമോ?

## <u>നഴ്സിംഗ് റിക്രൂട്ട്മെന്റ്</u>

1458. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സുമാരുടെ വിദേശജോലി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും നോർക്ക മുഖാന്തിരം മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ ;എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നോർക്ക മുഖാന്തിരം മാത്രം നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ; സർക്കാർ മുഖാന്തിരം നഴ്സിംഗ് റിക്രൂട്ട്മെന്റ് നടത്തണമെന്ന നിലപാട് സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

## <u>നിതാഖത്ത്</u>

1459. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറാക്ക്, ലിബിയ, യെമൻ ഉടങ്ങിയ രാജ്യങ്ങളിൽ യുദ്ധമുണ്ടായപ്പോഴും സൗദി അറേബ്യയിൽ നിതാഖത്ത് ഏർപ്പെടുത്തിയപ്പോഴും നേപ്പാളിൽ ഭൂമികുലുക്കം നേരിട്ടപ്പോഴും വിദേശ മലയാളികളെ നാട്ടിലെത്തിക്കുന്നതിനും മറ്റുമായി ചെലവായ തുകയുടെ വിശദാംശങ്ങൾ

വെളിപ്പെടുത്താമോ ;

(ബി) ഓരോ സംഭവത്തിലും നാട്ടിലേക്ക് എത്തിക്കപ്പെട്ട കുടുംബങ്ങളുടെ സംരക്ഷണത്തിനായി ചെലവായ തുക എത്രയാണ് ?

<u>നഴ്സുമാരെ റിക്രൂട്ട് ചെയ്യുതിലെ തട്ടിപ്പ്</u>

1460. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഏജൻസികൾ വിദേശത്തേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുതിലെ തട്ടിപ്പുമായി ബന്ധപ്പെട്ട സി.ബി.ഐ അന്വേഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സി.ബി.ഐ നടത്തിയ അന്വേഷണത്തിൽ പ്രതികളായ ആരെങ്കിലും സംസ്ഥാനത്ത് നിന്ന് നഴ്സിങ്ങ് റിക്രൂട്ട്മെന്റ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

<u>നിതാഖത്ത് നിയമത്തിന്റെ പ്രത്യാഘാതം</u>

1461. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമത്തെത്തുടർന്ന് തിരിച്ചുവന്ന പ്രവാസികൾക്കായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ;

(ബി) പ്രവാസികളുടേതായി എത്ര അപേക്ഷകൾ നാളിതുവരെ നോർക്കയിൽ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ; എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നും അവർക്കായി ആവിഷ്കരിച്ചിരിച്ച കർമ്മപരിപാടികളും അതിന്റെ പുരോഗതിയും അത് പ്രവാസികൾക്ക് നൽകിയ ഗുണഫലവും ക്വാണ്ടിറ്റി ബേസിൽ വിശദമായി വ്യക്തമാക്കാമോ ;

(സി) പ്രവാസികൾക്കായി പ്രഖ്യാപിച്ച വായ്പകളോ മറ്റ് സഹായങ്ങളോ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് എന്തു പരിഹാരമാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഗൾഫ് രാഷ്ട്രങ്ങളിൽ കലാപങ്ങൾ നടക്കുന്നത് കാരണം പ്രവാസികൾ കൂട്ടത്തോടെ തിരിച്ചെത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>നഴ്സുമാരുടെ റിക്രൂട്ട്മെന്റ്</u>

1462. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നഴ്സുമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്തൊക്കെ നടപടിക്രമങ്ങളാണ് നിലവിലുള്ളത് ;

(ബി) നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് ഇപ്പോൾ ഏതൊക്കെ സ്ഥാപനങ്ങൾ വഴിയാണ് നടത്തുവാൻ

സാധിക്കുക ;

(സി) ഇപ്പോഴത്തെ നടപടി കാരണം വിദേശരാജ്യങ്ങളിൽ ജോലിതേടിപ്പോവുന്ന നേഴ്സുമാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ ?

## പ്രവാസികളുടെ എണ്ണവും ക്ഷേമ പദ്ധതികളും

1463. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ രാജ്യങ്ങളിലായി എത്ര പ്രവാസി മലയാളികളാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ എത്ര മലയാളികൾ ജയിലിൽ കഴിയുന്നുണ്ടെന്ന് രാജ്യം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഇവരെ നാട്ടിലെത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇപ്രകാരം എത്ര പേരെ ഈ സർക്കാർ വന്നതിനുശേഷം നാട്ടിലെത്തിച്ചുവെന്ന് വിശദമാക്കാമോ ?

## പ്രവാസികളുടെ ക്ഷേമത്തിനു വേണ്ടി പ്രഖ്യാപിച്ച പദ്ധതികൾ

1464. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലേക്ക് മടങ്ങിയ പ്രവാസികളുടെ ക്ഷേമത്തിനു വേണ്ടി (പുനരധിവാസ പാക്കേജ് ഉൾപ്പെടെ) ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധികൾക്കോരൊന്നിനും നീക്കിവച്ച തുക എത്രയാണ്; ബഡ്ജറ്റിന് പുറമെയാണോ പ്രസ്തുത തുക വകയിരുത്തിയതെന്ന് വിശദമാക്കാമോ;

(സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ നല്കുമോ?

## മിഷൻ 676-ൽ ഉൾപെട്ട പ്രവാസിക്ഷേമ പദ്ധതികൾ

1465. ശ്രീ.എം.പി.വിൻസെൻറ്

,, ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

## 'വിശപ്പുരഹിത നഗരം' പദ്ധതി

1466. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ ഉച്ചഭക്ഷണ പദ്ധതിയായ 'വിശപ്പുരഹിത നഗരം' പദ്ധതി ഘട്ടംഘട്ടമായി എല്ലാ നഗരങ്ങളിലും വ്യാപിപ്പിക്കുമെന്ന 2011 -ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതെല്ലാം നഗരങ്ങളിലാണ് നടപ്പാക്കിവരുന്നത് ;

(സി) കോഴിക്കോട് നഗരത്തിൽ മാത്രം നടപ്പിലാക്കി വന്ന പ്രസ്തുത പദ്ധതി മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽക്കൂടി വ്യാപിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ അധിക തുക നീക്കി വച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

## ഹെവി ഡ്യൂട്ടി ഡ്രൈവർമാരുടെ ഒഴിവുകൾ

1467. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നഗരസഭകളിൽ ഹെവി ഡ്യൂട്ടി ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; അവ നഗരസഭ തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കുമോ ;

(സി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും

1468. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, പുതിയതായി എത്ര കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും അനുവദിച്ചിട്ടുണ്ട് ; ഏതൊക്കെ ;

(ബി) പുതുതായി അനുവദിച്ച പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ അനുവദിച്ചതുവഴി സർക്കാരിന് എത്ര കോടി രൂപയുടെ അധിക ബാധ്യതവരും എന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽഎത്രയെന്നറിയിക്കുമോ?

## പുതിയ മുനിസിപ്പാലിറ്റികള്‍

1469. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പുതിയതായി എത്ര മുനിസിപ്പാലിറ്റികളാണ് രൂപീകരിക്കുവാന്‍ തീരുമാനിച്ചിട്ടുള്ളത് എന്ന് ജില്ലാ അടിസ്ഥാനത്തില്‍ വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിന്റെയും വിസ്തൃതിയും ജനസംഖ്യയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്തുകളെ മുനിസിപ്പാലിറ്റി ആക്കുന്നത് കൊണ്ടുണ്ടാവുന്ന ഗുണദോഷങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) മുനിസിപ്പാലിറ്റികള്‍ക്ക് കേന്ദ്ര ഫണ്ടുകള്‍ ലഭ്യമാക്കുവാന്‍ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നത് ?

## നഗരസഭാ പദ്ധതികള്‍ക്ക് സാങ്കേതിക സഹായം

1470. ശ്രീ.തേറമ്പില്‍ രാമകൃഷ്ണന്‍

,, വര്‍ക്കല കഹാര്‍

,, ബെന്നി ബെഹനാന്‍

,, എം.പി.വിന്‍സെന്റ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നഗരസഭാ പദ്ധതികള്‍ക്ക് സാങ്കേതിക സഹായം നല്‍കുവാന്‍ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹായമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

## മികച്ച നഗരസഭകള്‍ക്കുള്ള അവാര്‍ഡുകള്‍

1471. ശ്രീ.ബി.സത്യന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മികച്ച നഗരസഭകള്‍ക്കുള്ള 2013-14 ലെ അവാര്‍ഡുകള്‍ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) അവാര്‍ഡ് പ്രഖ്യാപനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) 2013-14 ലേയും 2014-15ലേയും അവാര്‍ഡ് പ്രഖ്യാപനം ഉടനുണ്ടാകുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) മികച്ച നഗരസഭകള്‍ക്ക് അവാര്‍ഡ് നല്‍കാന്‍ സ്വീകരിച്ചിരുന്ന മാനദണ്ഡം പരിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദവിവരം ലഭ്യമാക്കാമോ;

## മാലിന്യ സംസ്കരണ പ്ലാന്റുകൾ

1472. ശ്രീ.കെ.മുരളീധരൻ

,, ഹൈബി ഈഡൻ

,, സണ്ണി ജോസഫ്

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്ലാന്റുകളുടെ സവിശേഷതകൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പ്ലാന്റുകളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

## പൊന്നാനി നഗരസഭയിലെ സമഗ്ര കുടിവെള്ള പദ്ധതി

1473. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നഗരസഭയിലേക്ക് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ;

(ബി) ഇത് എന്ന് തുടങ്ങാനാകുമെന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതിയുടെ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ടോ;

(ഡി) ഗുണഭോക്തൃവിഹിതം ഇതിലേക്ക് അടക്കേണ്ടതുണ്ടോ ;എങ്കിൽ എത്ര എന്നും ഇവ അടച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ ?

## ചാലക്കുടി നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

1474. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോ ;

(ബി) ചാലക്കുടി നഗരസഭയിൽ എത്ര കുടുംബങ്ങൾ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിൽ നൽകിയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നഗരസഭകളിൽ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ

നടപടി സ്വീകരിക്കുമോ ?

## രാത്രികാല വാസകേന്ദ്രങ്ങൾ

1475. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 ലെ ബഡ്ജറ്റിൽ അനുവദിച്ച 50 ലക്ഷം രൂപ വിനിയോഗിച്ച് അന്യസംസ്ഥാന തൊഴിലാളികൾക്ക് നഗരപ്രദേശങ്ങളിൽ രാത്രികാല വാസകേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

## പാറ്റൂരിലെ ആവൃതി മാൾ ഫ്ലാറ്റ് നിർമ്മാണം

1476. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂരിലെ ആവൃതി മാൾ ഫ്ലാറ്റ് നിർമ്മാണത്തിന് കോടതിയുടെ സ്റ്റേ ഉണ്ടായിരുന്നോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഫ്ലാറ്റിന്റെ നിർമ്മാണം ഇപ്പോഴും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണ് സ്റ്റേ നീക്കിയതെന്ന് വ്യക്തമാക്കുമോ; ഫ്ലാറ്റിന്റെ നിർമ്മാണത്തിനായി എന്നാണ് വൈദ്യുതി കണക്ഷൻ നൽകിയതെന്ന് അറിയാമോ ;

(സി) പ്രസ്തുത ഫ്ലാറ്റ് സർക്കാർ പുറമ്പോക്ക് കൈയേറിയാണ് നിർമ്മിച്ചതെന്ന് വകുപ്പിന് അറിയാമായിരുന്നോ ; എങ്കിൽ വിശദമാക്കുമോ ?

## കാസർഗോഡ് വികസന അതോറിറ്റി

1477. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിരിച്ചുവിടപ്പെട്ട കാസർഗോഡ് വികസന അതോറിറ്റിയിൽ നിന്ന് എത്രയാളുകൾ വായ്പ എടുത്തിരുന്നു ; വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാത്ത എത്ര പേർ ഉണ്ട് ; ഈ ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളത് ;

(ബി) വായ്പയ്ക്ക് വസ്തു ഈടായി നൽകിയിട്ടുള്ളവരുടെ പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് ;

(സി) വായ്പ മുഴുവൻ അടച്ചു തീർത്തവരുടെ പ്രമാണങ്ങൾ തിരിച്ചു നൽകാൻ ബാക്കിയുണ്ടോ ;

(ഡി) അതോറിറ്റി ഇപ്പോൾ നിലവിലില്ലാത്തതിനാൽ അടച്ചു തീർക്കാനുള്ള വായ്പകൾ എഴുതിത്തള്ളാനോ ഒ.ടി.എസ്. ആനുകൂല്യം നൽകാനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

## കൊയിലാണ്ടി നഗരസഭയുടെ സ്ഥലം ഫയർ സ്റ്റേഷന് വിട്ടു നൽകാൻ നടപടി

1478. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം, കൗൺസിൽ തീരുമാനപ്രകാരം, ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ടു നൽകുന്നതിന് സർക്കാരിന്റെ അനുവാദം തേടി സമർപ്പിച്ച അപേക്ഷയിൽ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

<u>കുന്നംകുളം നഗരസഭയുടെ പുതിയ ബസ്സ് സ്റ്റാന്റ്</u>

1479. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നഗരസഭയുടെ പുതിയ ബസ്സ് സ്റ്റാന്റ് നിർമ്മാണം പി.പി.പി മോഡലിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എഗ്രിമെന്റ് പ്രകാരമുള്ള വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുതപ്രവൃത്തി സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ബസ്സ് സ്റ്റാന്റ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>പാർട്ണർ കേരള മിഷൻ</u>

T 1480. ശ്രീ.സി.ദിവാകരൻ

,, കെ.അജിത്

,, ഇ.കെ.വിജയൻ

,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ണർ കേരള മിഷന്റെ കീഴിൽ എത്ര പദ്ധതികളാണ് പൊതു - സ്വകാര്യ പങ്കാളിത്തത്തോടെ ആദ്യ ഘട്ടത്തിൽ നഗരങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നഗരങ്ങളിലെ പൊതുഭൂമി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ മൊത്തം എത്ര കോടി രൂപയുടെ ഭൂമിയാണ് കൈമാറാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മൊത്തം എത്ര കോടി രൂപയുടെ പദ്ധതികൾക്കായാണ് പ്രസ്തുത ഭൂമി കൈമാറ്റം നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി എവിടെയെല്ലാം എത്ര അളവുകളിലാണ് ഭൂമി കൈമാറ്റം

നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

<u>വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണം</u>

1481. ശ്രീ.പി.എ.മാധവൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എ.റ്റി.ജോർജ്

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതി നിർവ്വഹണത്തിന് സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം</u>

1482. ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.മാത്യു റ്റി.തോമസ്

,, സി.കെ.നാണു

,, ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ അനിയന്ത്രിതമായ വെള്ളപ്പൊക്കം കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താൻ എന്തൊക്കെ പരിപാടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഇവയ്ക്കുവേണ്ടി എന്ത് തുക ചെലവഴിച്ചു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഏത് സാഹചര്യത്തിലാണ് 'ഓപ്പറേഷൻ അനന്ത' നടപ്പിലാക്കാൻ തീരുമാനിച്ചത്; തീരുമാനം ഏത് തലത്തിൽ കൈക്കൊണ്ടു എന്നും എന്നാണ് കൈക്കൊണ്ടതെന്നും വ്യക്തമാക്കാമോ ;

(ഡി) പദ്ധതിയുടെ മൊത്തം വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>പൊതുഭിത്തിയുള്ള വീടുകളുടെ പുതുക്കി നിർമ്മാണം</u>

1483. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭിത്തിയുള്ള വീടുകൾ പുതുക്കി നിർമ്മിക്കുമ്പോൾ പൊതുഭിത്തിയിൽ നിന്നും എത്ര അകലം വിട്ടാണ് പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് ;

(ബി) പ്രസ്തുത ദൂരം കുറയ്ക്കുന്നത് പരിഗണിക്കുമോ?

## മാലിന്യസംസ്കരണത്തിനായി കേന്ദ്രീകൃത പദ്ധതികൾ

1484. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.വി.ശിവൻകുട്ടി

,, റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാലിന്യസംസ്കരണത്തിനായി സർക്കാർ തലത്തിൽ ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രീകൃത പദ്ധതികൾ ഏതെല്ലാമാണ് ; അവ ഇപ്പോൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിന്റെ പ്രത്യേക പരിസ്ഥിതിയുടെയും ഇതുവരെയുള്ള അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പദ്ധതികൾ പ്രായോഗികമാണോയെന്നു വ്യക്തമാക്കാമോ ;

(സി) വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ;

(ഡി) ഈ ദിശയിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

## മാലിന്യനിർമ്മാർജ്ജനായുള്ള ഇൻസിനറേറ്റർ

1485. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനത്തിനായി നിലവിൽ ഇൻസിനറേറ്റർ ഉപയോഗിക്കുന്നുണ്ടോ ;

(ബി) ഇൻസിനറേറ്റർ വാങ്ങുന്നതിനായി ആകെ എന്ത് തുക ചെലവായി ;

(സി) പ്രസ്തുത സംവിധാനം പ്രവർത്തിപ്പിച്ച ഇനത്തിൽ എന്ത് തുക ചെലവായി എന്നറിയിക്കാമോ ?

## മിഷൻ **676-** ൽ ഉൾപ്പെട്ട ക്ലീൻ കേരള പദ്ധതികൾ

1486. ശ്രീ.സി.പി.മുഹമ്മദ്

,, ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി ക്ലീൻ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്കുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം

നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

## സുസ്ഥിര നഗരവികസന പദ്ധതി

1487. ശ്രീ.ലൂഡി ലൂയിസ്

,, അൻവർ സാദത്ത്

,, ഡൊമിനിക് പ്രസന്റേഷൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. സഹായത്തോടെയുള്ള സുസ്ഥിര നഗരവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്കായി പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം വിശദമാക്കാമോ ;

(സി) പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ?

## ഞാറക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

1488. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജിഡയിൽ നിന്നും അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അനുവദിച്ചതെന്നാണെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്നും ആയതിനുള്ള തടസ്സങ്ങളെന്തെന്നും പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ?

## മെക്കനൈസ്ഡ് പാർക്കിംഗ്

1489. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം നഗരങ്ങളിൽ മെക്കനൈസ്ഡ് പാർക്കിംഗ് സംവിധാനം ആരംഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഏതെല്ലാം നഗരങ്ങളിലാണ് പ്രസ്തുത പാർക്കിംഗ് സൗകര്യമുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ?

## തിരുവനന്തപുരം വികസന അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ

1490. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ സംസ്ഥാന ബഡ്ജറ്റിൽ തിരുവനന്തപുരം വികസന അതോറിറ്റിക്ക് നീക്കിവച്ച തുക എത്രയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് തിരുവനന്തപുരം വികസന അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പ്രകൃതിദുരന്ത പ്രതിരോധശേഷിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം

T 1491. ശ്രീ.കെ.എൻ.എ.ഖാദർ

,, പി.ബി. അബ്ദുൾ റസാക്

,, റ്റി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്ത പ്രതിരോധശേഷിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ഉറപ്പാക്കാൻ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ളതും നിർമ്മാണത്തിലിരിക്കുന്നതുമായ ബഹുനില കെട്ടിടങ്ങളുടെ ഭൂകമ്പപ്രതിരോധശേഷി ഉൾപ്പെടെ പരിശോധിക്കാനും ഉറപ്പുവരുത്താനുമുള്ള സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പൊതുജനങ്ങൾക്ക് ചട്ടഭേദഗതികൾ ഹാനികരമാവാതിരിക്കുന്നതിനും , ഒപ്പം സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള മുൻകരുതലുകൾ സ്വീകരിക്കുമോ ?

## നഗരപരിപാലനത്തിലെ ക്രിയാത്മകത യിൽപെടുത്തുന്നതിന് നടപടി

1492. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ നഗരകാര്യ വകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടുവെന്നുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വിശദീകരണം നല്കുമോ;

(ബി) ക്രിയാത്മകമായ ഒരു പദ്ധതിയെങ്കിലും നഗരകാര്യവകുപ്പിന് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

## പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ

1493. ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.മാത്യു റ്റി.തോമസ്

,, സി.കെ.നാണു

,, ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് കേരളത്തിൽ നിയമിക്കപ്പെട്ട പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

## ന്യൂനപക്ഷ വികസന പദ്ധതി -കേന്ദ്ര ഗവൺമെന്റ് ഉറപ്പുകൾ

1494. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റ് നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ഉറപ്പുകൾ നേടിയെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾക്കായി നടപ്പാക്കുന്ന ബഹുമുഖ വികസന പദ്ധതികളിൽ സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രദേശങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ?

## ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരണം

1495. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, ടി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന, ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

## ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേനയുള്ള പദ്ധതികൾ

1496. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ പരിശീലനം നൽകുന്ന എത്ര സ്ഥാപനങ്ങളാണ് കോഴിക്കോട് ജില്ലയിലുള്ളതെന്ന് വിശദമാക്കാമോ ;

(സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമെന്ന നിലയിൽ ദൂരപരിധിയിൽ ഇളവുനൽകി ജില്ലയിൽ പുതിയ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>കുട്ടനാട് പാക്കേജ്</u>

1497. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മിഷൻ, കുട്ടനാട് പാക്കേജിനായി അനുവദിച്ച തുക എത്രയെന്നും ചെലവായത് എത്രയെന്നും അറിയിക്കുമോ ; ഇതിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതമെത്രയാണ് ;

(സി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ</u>

1498. ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.പി.തിലോത്തമൻ
,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ൽ ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ എന്ന പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട് ; രജിസ്ട്രേഷൻ ഫീസും പദ്ധതി വിഹിതവുമായി എത്ര തുക പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്ക് സഹായം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനകം എത്ര പേരുടെ ആശ്രിതർക്ക് എത്ര വീതം സഹായം നൽകിയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

## നീര ഉൽപാദന യൂണിറ്റുകൾക്ക് ലൈസൻസ്

1499. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപാദനത്തിന് എത്ര യൂണിറ്റുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്; നീര ഉൽപാദക സംഘങ്ങൾക്ക് സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) നീരയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## നീര ഉല്പാദനം,സംസ്കരണം, വിതരണം എന്നീ മേഖലകളുടെ വിപുലീകരണം

1500. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഉത്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന എത്ര കമ്പനികളാണുള്ളതെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ബി) നീരചെത്ത്, നീരസംസ്കരണം, വിതരണം എന്നിവയിലായി ഇതുവരെ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സോഫ്റ്റ് ഡ്രിങ്ക് വിൽപ്പന ശാലയിലൂടെ സീൽഡ് ബോട്ടിൽ നീര വിൽക്കുന്നതിന് എന്തുകൊണ്ടാണ് അനുമതി നൽകാത്തത് എന്ന് വ്യക്തമാക്കുമോ;

(ഡി) അപകടമാം വിധം കീടനാശിനി ചേർത്തിട്ടുണ്ടെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കുത്തക സോഫ്റ്റ് ഡ്രിങ്ക്സുകൾ വിൽക്കാപ്പെടുമ്പോൾ ഔഷധഗുണമുള്ളതും ആർക്കഹോളില്ലാത്തതുമായ നീര വിൽക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കുമോ;

(ഇ) നീരയുടെ ഉത്പാദന - വിതരണ മേഖല വിപുലീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളുമോ;

## ജൈവ വൈപ്പിൻ പദ്ധതി

1501. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജൈവ വൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികളും പ്രത്യേകമായി ടെണ്ടർ ചെയ്യുന്നതിനും പ്രവൃത്തി നടപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

## നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

1502. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉൽപ്പാദക ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകാനുള്ള അധികാരം ആർക്കാണെന്ന് അറിയിക്കുമോ ;

(സി) എത്ര ഫെഡറേഷനുകൾക്ക് സർക്കാർ ലൈസൻസ് നൽകിയിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണം റദ്ദ് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ; കാരണം വിശദമാക്കുമോ ;

(ഡി) നീര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

## വിഷം കലർന്ന പച്ചക്കറി ഇറക്കുമതി തടയാൻ നടപടി

1503. ശ്രീ.തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ നിന്നും വരുന്ന വിഷം തീണ്ടിയ പച്ചക്കറികളും പഴവർഗ്ഗങ്ങളും കഴിച്ച് കേരളീയർ അർബുദം തുടങ്ങിയ മാരക രോഗങ്ങൾക്ക് അടിമപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുന്നതിനായി കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ;

(സി) ഓരോ വീട്ടിലും ജൈവവള പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തും വളവും കൃഷി ഓഫീസുകൾ മുഖേന സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള ബ്രാൻഡ് പദ്ധതി

1504. ശ്രീ.ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, കെ.മുരളീധരൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിക്കുവേണ്ടി കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രാദേശിക ഉല്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശം നൽകുമോ ?

കൃഷി ഫാമുകളുടെ പുരോഗതിയും വിത്തിനങ്ങളുടെ ലഭ്യതയും

1505. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ വക എത്ര കൃഷി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കുമോ ;

(ബി) ഈ ഫാമുകളിൽ കേരളത്തിലെ കൃഷിക്കാരുടെ ആവശ്യാനുസരണമുള്ള വിവിധയിനം വിത്തുകൾ നൽകിവരുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിക്കാരുടെ ഉന്നമനത്തിനായി കൃഷി ഫാമുകളിൽ പുതിയ എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പിന്റെ പദ്ധതികൾ

1506. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക പരിസ്ഥിതി ദിനത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത്;

(ബി) കാർഷിക മേഖലയിൽ നടത്താൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നവീന കൃഷിരീതികൾ

1507. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നവീന കൃഷിരീതികൾ വികസിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാല പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) നവീന കൃഷിരീതികളുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ?

റൈസ് ബയോപാർക്ക്

1508. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് റൈസ് ബയോപാർക്ക് സ്ഥാപിക്കപ്പെടുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് ;ഇവിടങ്ങളിൽ അവ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ നടത്തിവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ ?

കൃഷി നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം

1509. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ക്ഷോഭത്തിൽ കൃഷി നശിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വെട്ടിക്കുറച്ചിട്ടുണ്ടോ ;

(ബി) നിലവിലുണ്ടായിരുന്ന മാനദണ്ഡത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(സി) നടപ്പ് വർഷം നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര എണ്ണം ജില്ലാ പ്രിൻസിപ്പൽ ഓഫീസർമാർ, കൃഷി ഓഫീസർമാർക്ക് തിരിച്ചയച്ചിട്ടുണ്ടെന്നും കാരണമെന്തെന്നും അറിയിക്കുമോ ;

(ഡി) അപേക്ഷ സമർപ്പിച്ചിട്ടും കൃഷി ഓഫീസർമാർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്താത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ;എങ്കിൽ കാരണം വിശദമാക്കുമോ ;

(ഇ) കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ജില്ല തിരിച്ച് അറിയിക്കാമോ ?

കുറിയ ഇനം തെങ്ങിൻ തൈ വിതരണം

1510. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കുറിയ ഇനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുമെന്ന് വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ എത്ര കർഷകർക്കാണ് തൈകൾ നൽകിയിട്ടുള്ളത്; എത്ര തൈകൾ വിതരണം ചെയ്തു;

(സി) എവിടെനിന്നുമാണ് തൈകൾ ശേഖരിക്കുന്നത് ; എത്ര രൂപയ്ക്കാണ് അവ കർഷകർക്ക് നൽകി വരുന്നത്; വ്യക്തമാക്കാമോ;

(ഡി) കൃഷി ഭവനുകൾ വഴി നേരിട്ടാണോ തൈകൾ വിതരണം ചെയ്യുന്നത്?

നിറവ് പദ്ധതി

1511. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നിറവ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ;

(ബി) കൃഷി വകുപ്പ് ഈ ഗണത്തിൽ ഇതുവരെ ഏതെല്ലാം പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു എന്നും ഏതെല്ലാം പദ്ധതികൾ അംഗീകരിച്ചു എന്നും ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങി എന്നും വിശദമാക്കാമോ?

## നിറവ് പദ്ധതി

1512. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിക്കായി ഫണ്ട് അനുവദിച്ചിട്ടില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എത്ര മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുണ്ട്; ഇതിലേയ്ക്കായി എത്ര കോടി രൂപ നൽകിയിട്ടുണ്ട്; മണ്ഡലം തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(സി) ഈ വർഷം ഇതിനായി ഫണ്ട് അനുവദിക്കുമോ?

## സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

1513. ശ്രീ.ജി.സുധാകരൻ

,, ഇ.പി.ജയരാജൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12ലെ ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എല്ലാ കൃഷികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കർഷകർക്കുള്ള അപകട ഇൻഷ്വറൻസും പെൻഷൻ ആനുകൂല്യങ്ങളും ഈ പദ്ധതിയോടൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമായിട്ടുള്ള വിവിധ ആനുകൂല്യങ്ങൾ വിശദമാക്കാമോ ?

## സമഗ്ര പച്ചക്കറി വികസന പദ്ധതി

1514. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകമായ മട്ടുപ്പാവ് കൃഷി വിജയകരമായി നടത്തുന്നതിനായി കർഷകർക്ക് കൃഷിഭവൻ വഴി എന്തെല്ലാം സേവനങ്ങൾ നൽകുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഗ്രോബാഗ്, വിത്ത്, പച്ചക്കറി തൈകൾ, ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവ കൃഷി ഭവൻ വഴി നൽകുന്നതിന് സംവിധാനം ഉണ്ടോയെന്നു അറിയിക്കുമോ;

(സി) ബി.പി.എൽ., എ.പി.എൽ. ഭേദമെന്യേ ഇത്തരം സേവനങ്ങൾ കർഷകർക്ക് സൗജന്യ/സബ്സിഡി നിരക്കിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

1515. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത സെന്ററുകൾക്ക് എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പങ്കാളിത്തം

1516. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികളെ പങ്കെടുപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

കേരളാ ഹോർട്ടികൾച്ചറൽ മിഷൻ

1517. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ഫാമിങ്ങ് കോർപ്പറേഷന്റെ ഭൂമിയിൽ കേരളാ ഹോർട്ടികൾച്ചറൽ മിഷൻ കൃഷി നടത്താൻ വേണ്ടി എത്ര രൂപ എന്തിനെല്ലാം വേണ്ടി ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത മിഷന്റെ പ്രവർത്തനത്തിനായി നിയോഗിച്ച തൊഴിലാളികൾ എത്രയെന്നും ഇതിൽ ആദിവാസികൾ എത്രയെന്നും വിശദമാക്കമോ;

(സി) കൃഷി നടത്തിപ്പിലൂടെ പ്രതിവർഷം എത്ര രൂപയുടെ ലാഭമാണ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഏത് വർഷം മുതൽ ലാഭം ലഭിച്ചു തുടങ്ങുമെന്നും വിശദമാക്കുമോ ;

(ഡി) ഇവിടെ എത്ര ഏക്കറിൽ കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നു

വിഷാംശ രഹിത പച്ചക്കറി ഉൽപാദനം

1518. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി ഭവൻ എന്തൊക്കെ സഹായങ്ങളാണ് ചെയ്തു വരുന്നത്; വിഷാംശ രഹിത പച്ചക്കറി ഉൽപാദിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

കർഷക പെൻഷൻ കുടിശ്ശിക

1519. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക പെൻഷൻ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; നിലവിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ; ഇത് നൽകുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ?

കർഷക ആത്മഹത്യകൾ

1520. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര കർഷക ആത്മഹത്യകൾ നടന്നു എന്ന് അറിയിക്കാമോ ;ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) മരണപ്പെട്ട കർഷകരുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ അവ പൂർണ്ണമായും വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

കർഷക കുടുംബങ്ങൾക്കുള്ള സഹായങ്ങൾ

1521. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ബാങ്ക് ലോണുകൾ അടയ്ക്കാൻ കഴിയാതെ ആത്മഹത്യചെയ്ത കർഷകർ ആരെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യാക്കുമോ ;

(ബി) ഈ കർഷകരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നല്കി എന്ന് വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് കർഷക കടാശ്വാസ കമ്മീഷൻ ശിപാർശകൾ പ്രകാരം എന്തെല്ലാം സഹായങ്ങൾ ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ചും ജില്ല തിരിച്ചും വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ നാല് വർഷമായി ആത്മഹത്യ ചെയ്ത എത്ര പേരുടെ ബാങ്ക് ലോണുകൾ എഴുതിത്തള്ളിയെന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ജൈവകൃഷി

1522. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; സംസ്ഥാനത്ത് എത്ര ഏക്കറിൽ ജൈവകൃഷി ചെയ്തു വരുന്നു ;

(ബി) ഇപ്പോൾ ജൈവവളം കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനമാണുള്ളത് ; ഇതിന്റെ ഉല്പാദനം, ശേഖരണം, വിതരണം എന്നിവ എപ്രകാരമാണ് നടക്കുന്നത് ;

(സി) ജൈവ കൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; കഴിഞ്ഞ മൂന്ന് വർഷം എത്ര ടൺ കാർഷിക ഉല്പന്നങ്ങൾ ഇപ്രകാരം സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന കർഷകർക്ക് സബ്സിഡി നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കയ്പാട് സമഗ്ര വികസന പദ്ധതി

1523. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന് കീഴിൽ കയ്പാട് സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ടിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കുമോ;

## മണലൂർ നിയോജക മണ്ഡലത്തിലെ 'നിറവ്' പദ്ധതി പ്രവൃത്തികൾ

1524. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിൽ 'നിറവ് 'പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് അറിയിക്കാമോ?

## സംയോജിത കാർഷിക വികസന പദ്ധതി

1525. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനായി പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതി നടത്തിപ്പിലൂടെ സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ഏതെല്ലാം വിളകളുടെ ഉൽപ്പാദനമാണ് ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി 2012-13-ലും തുടർന്നുള്ള ബഡ്ജറ്റിലും എന്ത്തുക നീക്കിവച്ചിരുന്നു; ഇവയോരോന്നിന്റെയും ചെലവ് സംബന്ധിച്ച വിശദാംശം നൽകാമോ?

ചെറുകിട നാമമാത്ര കർഷക പെൻഷൻ

1526. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകർക്ക് നൽകിവരുന്ന പെൻഷന്റെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) നിലവിൽ എന്തു നിരക്കിലാണ് ഈ പെൻഷൻ നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ ?

നാളികേര ഉൽപാദനം

1527. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, മുല്ലക്കര രത്നാകരൻ

,, വി.ശശി

,, കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന ബോർഡ് 2014-15 ൽ നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് നാളികേര ഉൽപാദനം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണ് ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നാളികേര ഉൽപാദനക്ഷമത ഒരു ഹെക്ടറിന് എത്രയാണ് ;

(സി) തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കേര കർഷകരെ സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

റബ്ബർ വിലയിടിവ് മൂലം കർഷകർക്കുണ്ടാകുന്ന പ്രതിസന്ധികൾ

1528. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) റബ്ബറിനേർപ്പെടുത്തിയിരിക്കുന്ന മൂല്യ വർധിത നികുതി പിൻവലിക്കുന്നതും ടി തുക കൂടി കർഷകർക്കു നൽകുന്നതും, പ്രതിസന്ധിലായ കർഷകരെ സഹായിക്കുന്നതിന് ഉപകരിക്കുമെന്നു വിലയിരുത്തപ്പെട്ടിട്ടുണ്ടോ?

(സി) പ്രസ്തുത നടപടി സ്വീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് കാരണമായ കരാർ

1529. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രശ്നങ്ങൾ എന്ത് കാരണംകൊണ്ടാണ് ഉണ്ടായത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രശ്നങ്ങൾക്ക് കാരണമായ കരാർ ഏതാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കരാർ ഏതു വർഷത്തിലാണ് നടപ്പിലായതെന്നും ഏത് കേന്ദ്ര സർക്കാരിന്റെ കാലത്താണ് ഇതിൽ ഒപ്പുവച്ചതെന്നും വ്യക്തമാക്കാമോ ?

<u>പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി</u>

1530. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 2014-2015സാമ്പത്തിക വർഷം എത്ര രൂപയാണ് ചെലവഴിച്ചത് ;

(ബി) ഓരോ ജില്ലയിലും എത്ര പാടശേഖര സമിതികൾക്ക് സഹായധനം നൽകുകയുണ്ടായി ;

(സി) പാടശേഖര സമിതികൾക്ക് ധനസഹായം നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പാടശേഖര സമിതികൾക്ക് പ്രസ്തുത കാലയളവിൽ ധനസഹായം ലഭിച്ചുവെന്നും ഓരോ പാടശേഖര സമിതിക്കും എത്ര തുക വീതം ധനസഹായം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>റബ്ബർ കർഷകരുടെ പ്രതിസന്ധി</u>

1531. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വാഭാവിക റബ്ബർ ഉല്പാദനത്തിൽ ഉണ്ടായ വ്യത്യാസം കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ?

<u>നാളീകേര കർഷകരിൽ നിന്നുള്ള വിത്തുതേങ്ങ സംഭരണം</u>

1532. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകരിൽ നിന്നും വിത്തുതേങ്ങ സംഭരണത്തിനായി എത്ര തുകയാണ് കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത് എന്നും ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും വിശദമാക്കുമോ;

(ബി) നാളികേര കർഷകർക്ക് വിത്തുതേങ്ങ സംഭരണയിനത്തിൽ ലഭിക്കേണ്ട തുക യഥാസമയത്ത് ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലമാണ് വിത്തുതേങ്ങയുടെ വില കൃത്യസമയത്ത് കർഷകർക്ക് ലഭിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>റബ്ബർ വിലത്തകർച്ച</u>

1533. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയിൽ നിന്നും റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികളെല്ലാം പരാജയപ്പെട്ടുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിലപാട് വ്യക്തമാക്കാമോ ;

(ബി) റബ്ബർ കർഷകരെ രക്ഷിക്കാനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ ;

(സി) ചെലവഴിച്ച തുകയുടെ പ്രയോജനം റബ്ബർ കർഷകർക്കല്ല മറിച്ച് ടയർ കമ്പനികൾക്കും വ്യവസായികൾക്കുമാണ് ലഭിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ?

<u>റബ്ബർ വിലത്തകർച്ച</u>

1534. **ശ്രീ.തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലത്തകർച്ച നേരിടുന്നതിനും റബ്ബർ കർഷകരെ സഹായിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

<u>ചേലക്കര നിയോജകമണ്ഡലത്തിലെ നാളികേര ബയോപാർക്ക്</u>

1535. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതി തുക എത്രയാണെന്നും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(സി) പദ്ധതി പ്രവർത്തനം ആരംഭിക്കുവാനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത കാലതാമസം ഒഴിവാക്കി പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ജൈവകൃഷി

1536. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) അമിത രാസവളപ്രയോഗം നിയന്ത്രിക്കുന്നതിനും ജൈവവളം ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം തനതു പരിപാടികൾ നടപ്പിലാക്കിവരുന്നു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) കൃഷി ഭവനിലെ ഉദ്യോഗസ്ഥർ ഏതെല്ലാം രീതിയിലാണ് കർഷകരെ സഹായിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) രോഗങ്ങളിൽ നിന്നും കീടങ്ങളിൽ നിന്നും കാർഷിക വിളകളെ രക്ഷിക്കുന്നതിനായി കീടനാശിനിരഹിത സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനായി കർഷകരെ ഏതെല്ലാം വിധത്തിലാണ് പ്രാപ്തരാക്കുന്നതെന്ന് വിശദീകരിക്കാമോ ?

## കാർഷിക - വെറ്ററിനറി സർവ്വകലാശാലകൾക്ക് കീഴിലുള്ള ഫാമുകളിലുള്ള കാഷ്വൽ തൊഴിലാളികൾ

1537. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക - വെറ്ററിനറി സർവ്വകലാശാലകൾക്ക് കീഴിലുള്ള ഫാമുകളിൽ എത്ര കാഷ്വൽ തൊഴിലാളികൾ ജോലി നോക്കിവരുന്നുണ്ട് ;

(ബി) ഫാമുകളിലെ തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ ; ഇവരുടെ തൊഴിൽ ഭദ്രത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ?

## കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി

1538. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**,, വർക്കല കഹാർ**
**,, ഷാഫി പറമ്പിൽ**
**,, പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്താണ് ഉദ്ദേശലക്ഷ്യങ്ങൾ എന്നും പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് സഹകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ?

## കാർഷിക വികസന നയം

1539. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് അനുയോജ്യമായ ഒരു കാർഷിക വികസന നയം രൂപീകരിച്ചിട്ടുണ്ടോ ; അതിനായി ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായോ ; എങ്കിൽ എന്ന് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സമിതിയിൽ ആരെല്ലാം അംഗങ്ങളായിരുന്നു ;

(സി) സമിതി എത്ര കാലം പ്രവർത്തിച്ചു ; പ്രവർത്തനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) സമിതി റിപ്പോർട്ട് സമർപ്പിച്ചുവോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ?

## ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യതകൾ

1540. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേററ ശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാനും, കർഷക ആത്മഹത്യകൾ തടയാനും ഇതിനകം എത്ര തുക നീക്കിവച്ചെന്നും എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

## ജൈവകേരളം പദ്ധതി -ബാലുശ്ശേരി കേന്ദ്രം

1541. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകേരളം പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ജൈവവളങ്ങളും കീടനിയന്ത്രണ ഉപാധികളും ഉല്പാദിപ്പിക്കുന്ന ഒരു കേന്ദ്രം സഹകരണ മേഖലയിൽ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കാമോ ?

കായംകുളം അസംബ്ലി മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പ്രവൃത്തികൾ

1542. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കായംകുളം അസംബ്ലി മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും, ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും എത്ര രൂപയാണ് ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ളതെന്നും നഗരസഭ, പഞ്ചായത്തുകൾ തരംതിരിച്ച് വ്യക്തമാക്കാമോ?

ചീങ്ങേരി ട്രൈബൽ സ്കീം എക്സ്റ്റൻഷൻ ഫാം

1543. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ചീങ്ങേരി ട്രൈബൽ സ്കീം എക്സ്റ്റൻഷൻ ഫാമിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര തൊഴിലാളികൾ പണിയെടുത്തുവെന്ന് അറിയിക്കുമോ ;

(ബി) അവർ എത്ര കാലമായി അവിടെ പണിയെടുത്തുവരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവരെ ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവർക്ക് നൽകിവരുന്ന വേതനത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) ഈ തൊഴിലാളികളെ സ്ഥിരം/കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കുന്നതിന് ഏതെങ്കിലും യൂണിയനുകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രത്യേക പരിഗണനയർഹിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട ഈ ഫാമിലെ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കി മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിന് ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

കുണിയൻ പുഴയിൽ നിന്നും ഉപ്പ് വെള്ളം കയറി കൃഷി നാശം

T 1544. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ കുണിയൻ പുഴയിൽ നിന്നും ഉപ്പ് വെള്ളം കയറി വ്യാപകമായി കൃഷി നാശം സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

കാർഷിക കടാശ്വാസ പദ്ധതിയുടെ പ്രയോജനം

1545. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

(ബി) കടക്കെണിയിലായ കർഷകരുടെ ആത്മഹത്യ തടയുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക കടാശ്വാസ കമ്മീഷൻ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും കാർഷികേതര വായ്പകൾക്ക് സഹായം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഏങ്കിൽ ഇത് തടയാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ഡി) കാർഷിക കടം എഴുതി തള്ളുമ്പോൾ അർഹതയില്ലാത്ത വൻകിട കർഷകർ നേട്ടമുണ്ടാക്കുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

<u>കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം</u>

1546. ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ മഴയിലും കാറ്റിലുംപെട്ട് എത്ര കോടി രൂപയുടെ കൃഷിനാശം സംസ്ഥാനത്തൊട്ടാകെ ഉണ്ടായിട്ടുണ്ട് ;

(ബി) ഇതിൽ ,നെൽകൃഷി, നേന്ത്രവാഴകൃഷി, പച്ചക്കറികൃഷി ഇവ ഓരോന്നിന്റെയും നാശനഷ്ടം പ്രത്യേകം വ്യക്തമാക്കുമോ ;

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ ?

<u>റബ്ബറിന് താങ്ങുവില</u>

1547. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) റബ്ബറിന് താങ്ങുവില നൽകി എത്ര ടൺ റബ്ബറാണ് കഴിഞ്ഞ മൂന്നു വർഷം സംഭരിച്ചതെന്ന് വ്യക്തമാക്കാമോ; സർക്കാർ പ്രഖ്യാപിച്ച താങ്ങുവില എത്രയാണ്; ഏതൊക്കെ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്; ഓരോ ഏജൻസിയും എത്രവീതം

സംഭരിച്ചു; ഇതിനായി ഓരോ ഏജൻസിക്കും സർക്കാർ നൽകിയ തുക എത്ര ; വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) റബ്ബർ സംഭരണം ഇടയ്ക്കുവെച്ച് ഏതെങ്കിലും ഏജൻസികൾ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുണ്ടായ സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കുമോ; എന്നുമുതലാണ് നിർത്തിവെച്ചത്; ആയത് വീണ്ടും പുനരാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽ നിന്നും സഹായമനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനും തദ്ദേശീയമായി റബ്ബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെ; വ്യക്തമാക്കാമോ;

(എഫ്) റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി അവർ എടുത്തിട്ടുള്ള എല്ലാത്തരം ബാങ്ക് വായ്പകൾക്കും മോറട്ടോറിയം പ്രഖ്യാപിക്കാൻ തയ്യാറാകുമോ;

(ജി) റബ്ബറിന് ഇപ്പോൾ പ്രഖ്യാപിച്ച കിലോയ്ക്ക് 150 രൂപ പ്രകാരമുള്ള താങ്ങുവിലയനുസരിച്ച് റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികളെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇല്ലെങ്കിൽ എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അമിതമായി കീടനാശിനി കലർന്ന പച്ചക്കറികൾ

1548. ശ്രീ.പി.തിലോത്തമൻ

,, മുല്ലക്കര രത്നാകരൻ

,, ഇ.കെ.വിജയൻ

,, ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ അളവിൽ കീടനാശിനികൾ പ്രയോഗിച്ച പച്ചക്കറികൾ സംസ്ഥാനത്ത് എത്തിച്ചേരുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രധാനമായും ഏതെല്ലാം ഇനം പച്ചക്കറികളിലാണ് അമിതമായി കീടനാശിനീ പ്രയോഗമുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ പ്രതിദിനം എത്ര ടൺ പച്ചക്കറി അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേരുന്നുണ്ട് ; ഇവയിൽ കീടനാശിനി പ്രയോഗം കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) അമിതമായി കീടനാശിനി പ്രയോഗിച്ച പച്ചക്കറികൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

## സുരക്ഷിത പച്ചക്കറി അതോറിറ്റി

1549. ശ്രീ.വി.റ്റി.ബൽറാം

,, ആർ . സെൽവരാജ്

,, പാലോട് രവി

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഇനങ്ങളിലാണെന്ന് വിശദമാക്കാമോ ;

(ബി) സുരക്ഷിതമായ പച്ചക്കറികൾക്കായി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ; കീടനാശിനി പരിശോധിക്കുന്നതിനുള്ള സംവിധാനം അവയിലുണ്ടാകുമോയെന്നറിയിക്കുമോ;

(സി) വെള്ളായണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി പരിശോധനാ ഫീസ് ഭീമമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഫീസ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കീടനാശിനി ചേർത്ത പച്ചക്കറികളുടെ ഇറക്കുമതി തടയാൻ ഓരോ ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ചും പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങുമോ ; വിശദമാക്കുമോ ;

(ഇ) പച്ചക്കറികളിലെ കീടനാശിനി പരിശോധിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

## കാർഷിക പാക്കേജുകൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി

1550. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക പാക്കേജുകളുടെ കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ പ്രധാന കാർഷിക മേഖലകളായ കുട്ടനാടിന്റെയും ഇടുക്കിയുടെയും സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കിയ കാർഷിക പാക്കേജിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) കുട്ടനാട്, ഇടുക്കി പാക്കേജുകൾ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## കാർഷിക വിളനാശത്തിനുള്ള കുടിശ്ശിക തുക

1551. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കാർഷിക വിളനാശം പരിഗണിച്ച് കർഷകർക്കായി എത്ര തുക നൽകിയിട്ടുണ്ട് ;

(ബി) ഈ കാലയളവിലെ കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

നെൽകൃഷി

1552. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) നെൽ കർഷകരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ;

എലത്തൂർ ആഗ്രോ സർവ്വീസ് സെന്റർ

1553. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട ആഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ;

(ബി) ആഗ്രോ സർവ്വീസ് സെന്റർ മുഖാന്തിരം എന്തെല്ലാം സേവനങ്ങളും സഹായങ്ങളുമാണ് കർഷകർക്ക് ലഭിക്കുക എന്ന് വെളിപ്പെടുത്താമോ ?

പച്ചക്കറി വിപണന സ്ഥാപനങ്ങൾ

1554. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളും പച്ചക്കറികളും വിപണനം നടത്തുന്ന എത്ര സ്ഥാപനങ്ങൾ സർക്കാരിൻെറ കീഴിലും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിലും ഉണ്ടെന്നു അറിയിക്കുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലൂടെ പ്രതിവർഷം നടത്തുന്ന കച്ചവടം എന്തു തുകയുടേതാണെന്നും ഇതിലൂടെ സർക്കാരിന് ലഭിക്കുന്ന ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ എവിടെയെല്ലാമാണ് ആരോഗ്യത്തിന് ഹാനികരമല്ലാത്തതും

ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കപ്പെട്ടതും ന്യായവിലയ്ക്ക് ലഭിക്കുന്നതുമായ പച്ചക്കറികളും കാർഷികോൽപ്പന്നങ്ങളും ലഭിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഇവയിൽ ആലപ്പുഴ ജില്ലയിലെ വിവിധ മേഖലകളിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്നും പ്രസ്തുത സ്ഥാപനങ്ങളിലെ വിലനിലവാരം എത്രയെന്നും വിശദമാക്കാമോ?

<u>കേരഫെഡിലെ അഴിമതി</u>

1555. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്ര സംഭരണത്തിന് സ്വകാര്യ കമ്പനിയുമായി കേരഫെഡ് കരാർ ഉണ്ടാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(ബി) കേരഫെഡിലെ അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വെളിപ്പെടുത്താമോ ;

(സി) ക്രമക്കേട് നടത്തിയതായി കണ്ടെത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>കീടനാശിനി വിമുക്ത പഴങ്ങളും പച്ചക്കറികളും</u>

1556. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, സണ്ണി ജോസഫ്

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടനാശിനി വിമുക്ത കൃഷി വ്യാപകമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) കീടനാശിനി കലർന്ന പഴങ്ങളും പച്ചക്കറികളും അന്യ സംസ്ഥാനത്ത് നിന്നും ഇറക്കുമതി ചെയ്യുന്നത് തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തൊക്കെ നടപടികളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇറക്കുമതി ചെയ്യുന്ന പഴങ്ങളുടേയും പച്ചക്കറികളുടേയും ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) ഇറക്കുമതി ചെയ്യുന്ന ഏതൊക്കെ സാധനങ്ങളിലാണ് മാരകമായ അളവിൽ കീടനാശിനിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>കോൾകൃഷി മേഖലയിൽ വിളനാശം</u>

1557. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനികോൾ മേഖലയിൽ കഴിഞ്ഞ വേനൽ മഴയിൽ കനത്ത വിളനാശം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിന്നും, കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു തുകയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കാസർകോട് - സമ്പൂർണ്ണ ജൈവകൃഷി ജില്ല

1558. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയായി മാറ്റുന്നതിന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് പുതിയതായി ഉദ്യോഗസ്ഥരെ സജ്ജമാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ;

(ഇ) ജൈവകൃഷി വ്യാപനത്തിനായി പഞ്ചായത്ത് -ജില്ല -സംസ്ഥാനതല സെമിനാറുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന് ചെലവായ തുകയുടെ വിശദവിവരങ്ങൾ നൽകാമോ?

## സംഘമൈത്രി ലേല കേന്ദ്രത്തിന് പിക്കപ്പ് വാൻ

1559. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘമൈത്രി ലേല കേന്ദ്രത്തിന് പിക്കപ്പ് വാൻ വാങ്ങുന്നതിന് കൃഷി വകുപ്പിന്റെ തീരുമാനപ്രകാരം സമർപ്പിച്ചിട്ടുള്ള 80470/എ. ഡബ്ല്യൂ. സി.2/2014/ഫിൻ. നമ്പർ ഫയലിന്റെ തീരുമാനം വ്യക്തമാക്കാമോ ;

(ബി) കാർഷിക ഉൽപന്നങ്ങൾ ലേലകേന്ദ്രത്തിൽ എത്തിക്കുന്നതിനായി ആവിഷ്കരിച്ച് സമർപ്പിച്ചിട്ടുള്ള പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് 25199/എൻ. സി. എ. 2/14 നമ്പർ ഫയലിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ?

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കൃഷിനാശം

1560. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഈയിടെ ഉണ്ടായ കനത്ത മഴയിലും കാറ്റിലും സംഭവിച്ച കൃഷിനാശം സംബന്ധിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷകർക്കുണ്ടായ നഷ്ടങ്ങൾക്ക് പരിഹാരമായി അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച് വിശദമാക്കാമോ ; കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേർക്ക് സഹായം അനുവദിച്ചു ; എത്ര പേർ സഹായത്തിന് അപേക്ഷിച്ചിരുന്നു ; വിശദമാക്കാമോ ;

(സി) മണ്ഡലത്തിൽ കാർഷിക മേഖലയിൽ എത്ര രൂപയുടെ നഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ?

<u>വിലസ്ഥിരതാ ഫണ്ടിൽ നിന്നും റബ്ബർ സംഭരണത്തിനായി തുക</u>

1561. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിലസ്ഥിരതാ ഫണ്ടിൽ നിന്നും റബ്ബർ സംഭരണത്തിനായി തുക ലഭിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിലേക്ക് നിവേദനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കോഴിക്കോട് ജില്ലയിലെ പ്രസിഷൻ ഫാമിംഗ്/പോളിഹൗസുകൾ</u>

1562. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസിഷൻ ഫാമിംഗ്/പോളിഹൗസുകൾ എന്നിവ പ്രയോജനപ്പെടുത്തി ആധുനിക രീതിയിൽ കൃഷിചെയ്യുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് എത്ര രൂപ വീതം ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ ;

(ബി) കുടുംബശ്രീ/സ്വാശ്രയസംഘങ്ങൾക്ക് പ്രസ്തുത ഇനത്തിൽ ധനസഹായം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാമോ ;

(സി) പ്രസിഷൻ ഫാമിംഗിന് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ?

<u>കാർഷികനയം</u>

1563. ശ്രീ.വർക്കല കഹാർ
,, പി.സി വിഷ്ണുനാഥ്
,, എ.പി.അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികനയം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) കാർഷിക നയത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ് ;

(സി) കാർഷിക മേഖലയുടെ ഉണർവിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) നയം നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ്

1564. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽ നടന്നുവരുന്നതെന്ന വിശദാംശം നൽകാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ജീവനക്കാരെ നിയമിച്ചതിന് സ്വീകരിച്ച മാനദണ്ഡവും വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കാൻ ഇതിനകം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ 'നിറവ് ' പദ്ധതി

1565. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തെ 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയത് ഏതു വർഷമാണ് ;

(ബി) 'നിറവ്' പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിലെ കൃഷി-മൃഗസംരക്ഷണ വകുപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് എപ്പോഴാണ് സമർപ്പിച്ചത് ;

(സി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് പ്രകാരം 'നിറവ് 'പദ്ധതിക്ക് അംഗീകാരം നൽകുവാനും ഫണ്ട് ലഭിക്കുവാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ 'നിറവ്' പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ?

സമ്പൂർണ്ണ കാർഷിക സംസ്ഥാനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ

1566. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണ കാർഷിക സംസ്ഥാനമാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഓരോ പദ്ധതിക്കുമായി 2014-15 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(സി) സമ്പൂർണ്ണ ജൈവകൃഷി പദ്ധതിക്കായി ഓരോ ജില്ലയിലും 2014-15 ൽ എത്ര തുക ചെലവഴിച്ച

;

(ഡി) ഇതിന്റെ ഭൗതിക ലക്ഷ്യവും സാമ്പത്തിക ലക്ഷ്യവും എത്രയായിരുന്നുവെന്നും ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

<u>കൃഷിവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

1567. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ജൈവകൃഷിക്ക് മാർഗ്ഗനിർദ്ദേശങ്ങൾ</u>

1568. ശ്രീ.എം.പി.വിൻസെൻറ്

,, ബെന്നി ബെഹനാൻ

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഹെക്ടർ പ്രദേശത്ത് ജൈവകൃഷി നടത്തുന്നുണ്ടെന്നറിയിക്കുമോ;

(ബി) ജൈവകൃഷി സംബന്ധിച്ച് കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ;

(സി) കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കർഷകർക്കിടയിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനും അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി നൽകുന്നതിനും പദ്ധതി ആവിഷ്കരിക്കുമോ?

<u>കൃഷിഭവനുകൾ വഴിയുള്ള പച്ചത്തേങ്ങാ സംഭരണം</u>

1569. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ വഴി പച്ചത്തേങ്ങാ സംഭരിക്കുന്നതിന് കർഷകർക്ക് എന്ത് വില നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര തേങ്ങ ഇങ്ങനെ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഏതെല്ലാം കൃഷി ഭവനുകളിലാണ് സംഭരണം നടന്നതെന്ന് അറിയിക്കാമോ ?

<u>കൃഷിനാശത്തിന് നഷ്ടപരിഹാരം</u>

1570. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ ?

നെൽകൃഷിയുടെ വിള ഇൻഷ്വറൻസ് പദ്ധതി

1571. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ നെൽകൃഷിയുടെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏക്കറിന്/ഹെക്ടറിന് പ്രീമിയം എത്രയാണ് എന്നും, ഇൻഷ്വറൻസ് തുക എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുതഇൻഷ്വറൻസ് തുക തീർത്തും ചെറുതാണെന്നും കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് മതിയായ ആശ്വാസം ഇതിലൂടെ ലഭിക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രീമിയം തുക വർദ്ധിപ്പിച്ച്, ആനുപാതികമായി ഇൻഷ്വറൻസ് തുകയും ഉയർത്തി കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് സമാനമായ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തരിശുഭൂമിയിലെ കൃഷി

1572. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശുഭൂമി പാട്ടത്തിന് നൽകി കൃഷി നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതിക്ക് നൽകുന്നത് ;

(സി) കഴിഞ്ഞ നാലു വർഷം എത്ര ഏക്കർ തരിശു ഭൂമി കൃഷിക്കായി പാട്ടത്തിന് നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) എത്ര സ്ഥലത്ത് കൃഷി ഇറക്കിയെന്നും എന്തെല്ലാം വിളകൾ കൃഷി ചെയ്തുവെന്നും ഉല്പാദനം എത്രയായിരുന്നുവെന്നുമുള്ള ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ ?

കർഷകർക്ക് സ്മാർട്ട് കാർഡുകൾ

1573. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സ്മാർട്ട് കാർഡുകൾ നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഓരോ കാർഡിനും എന്തു ചെലവുവരുമെന്നും ഇതുകൊണ്ട് കർഷകനുണ്ടാകുന്ന ഗുണമെന്താണെന്നും വിശദമാക്കാമോ?

നെല്ലുൽപ്പാദന രംഗത്തെ പ്രവർത്തനം

1574. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നെല്ലുൽപ്പാദന രംഗത്തെ പ്രവർത്തനം പരിശോധിക്കാറുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഓരോ വർഷവും എത്ര ഹെക്ടർ സ്ഥലത്തായി എത്ര അളവ് നെല്ല് ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) കേരളത്തിലേക്ക് പ്രതിവർഷം ഇറക്കുമതി ചെയ്യുന്ന നെല്ലിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) നെല്ല് കർഷകരെ പ്രോൽസാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) തറവില നിശ്ചയിക്കുന്നതോടൊപ്പം കൃഷിയിറക്കുന്ന സ്ഥല വിസ്തൃതിയുടെ അളവ് അനുസരിച്ച് കർഷകർക്ക് ഉൽപ്പാദന ബോണസ് അനുവദിക്കുമോ ?

വാഴക്കർഷകരുടെ നഷ്ടപരിഹാര തുക

1575. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം വിളവെടുപ്പ് ആകുമ്പോഴേക്കും,വാഴകൾ ഒടിഞ്ഞുവീണ് വാഴകൃഷി ചെയ്യുന്ന കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ,പ്രസ്തുത കർഷകർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന നഷ്ടപരിഹാരം വളരെ അപര്യാപ്തമാണെന്ന കാര്യം അറിയുമോ;

(സി) ഇത്തരത്തിൽ നഷ്ടം ഉണ്ടാകുന്ന കർഷകർക്ക് വളരെ മെച്ചപ്പെട്ട രീതിയിൽ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റബ്ബർവിലയിടിവ് നേരിടാൻ നടപടി

1576. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം കഷ്ടത അനുഭവിക്കുന്ന കർഷകരുടെ വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനായി ജി. ഒ (എം. എസ് )നമ്പർ 56/14/കൃഷി ഉത്തരവ് പ്രകാരം എത്ര ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട് ; റബ്ബർ സംഭരണത്തിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

## പാട്ടകൃഷിക്കാർക്ക് ധനസഹായം

1577. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പാട്ടകൃഷിക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും ധനസഹായവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

1578. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കുന്ദമംഗലം, പെരുവയൽ പഞ്ചായത്തുകളിലെ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കാത്തതു സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## മിഷൻ 676 മുഖേനയുള്ള കൃഷി പദ്ധതികൾ

1579. ശ്രീ.ഹൈബി ഈഡൻ
,, കെ.അച്ചുതൻ
,, ആർ . സെൽവരാജ്
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 മുഖേന എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) മിഷൻ 676 -ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിനും കർഷകക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## കുട്ടനാട് പാക്കേജ്

1580. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് മുഖേന ഏതെല്ലാം പ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും ആണ് പുനരുദ്ധീകരിച്ചതെന്ന് അടങ്കൽ തുക സഹിതം വിശദീകരിക്കാമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വകുപ്പ് മുഖേന രാമച്ചം, ഔഷധസസ്യം , ടിഷ്യൂകൾച്ചർ വാഴതൈകൾ എന്നിവ ഏതെല്ലാം പ്രദേശങ്ങളിൽ ആർക്കൊക്കെ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

മണ്ണുസംരക്ഷണത്തിനുള്ള കർമ്മപദ്ധതികൾ

1581. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വി.റ്റി.ബൽറാം

,, സി.പി.മുഹമ്മദ്

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുസംരക്ഷണത്തിന് തയ്യാറാക്കിയ കർമ്മപദ്ധതികൾ വിശദമാക്കുമോ ;

(ബി) മണ്ണിലെ പോഷകഘടകങ്ങൾ വർദ്ധിപ്പിക്കുവാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിനായി ഏതെല്ലാം കേന്ദ്ര - സംസ്ഥാന പദ്ധതികളാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ഇവ നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

പടന്നക്കാട് കാർഷിക കോളേജിലെ സെക്ഷൻ ഓഫീസർ തസ്തികകൾ

1582. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജ് എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സൂപ്പർ വൈസറി തസ്തികകളിലായി കോളേജ് അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിൽ ആരംഭ സമയത്ത് എത്ര സെക്ഷൻ ഓഫീസർ തസ്തികകളാണ് ഉണ്ടായിരുന്നതെന്ന് പറയാമോ;

(സി) പ്രസ്തുത കാലയളവിൽ കോളേജിൽ നിന്നും സെക്ഷൻ ഓഫീസർ തസ്തികകൾ മാറ്റിക്കൊണ്ടുള്ള ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; സെക്ഷൻ ഓഫീസർ തസ്തികകൾ മാറ്റപ്പെട്ടിട്ടുണ്ടെങ്കിൽ പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകിരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലവിൽ ,എത്ര സെക്ഷൻ ഓഫീസർമാരുടെ തസ്തികകളാണ് പ്രസ്തുത കോളേജിലുള്ളതെന്നും പ്രസ്തുത തസ്തികയിൽ എത്രപേർ ജോലി ചെയ്തുവരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

പടന്നക്കാട് കാർഷിക കോളേജിലെ തസ്തികകൾ

1583. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജിൽ അനുവദിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കോളേജിൽ ഏതൊക്കെ തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പടന്നക്കാട് കാർഷിക കോളേജിലെയും പീലിക്കോട് പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രത്തിലെയും ഒഴിവുകൾ

1584. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെയും പീലിക്കോട് പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രത്തിലെയും ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇവിടങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ചാലക്കുടി വെറ്റിനറി ആശുപത്രി

1585. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി വെറ്റിനറി ആശുപത്രിയെ പോളി ക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിച്ചും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പ്രസ്തുത ആരോഗ്യ കേന്ദ്രത്തെ പോളി ക്ലിനിക്കായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ?

കോഴിക്കോട് ജില്ലാ മൃഗാശുപത്രിക്ക് പുതിയ കെട്ടിടം

1586. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ മൃഗാശുപത്രിക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

1587. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗചികിത്സ, മൃഗശുശ്രൂഷ തുടങ്ങിയവയിൽ ഏർപ്പെടുന്ന മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മൃഗങ്ങളിൽ നിന്നും ആക്രമണം നേരിടേണ്ടിവരാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം സംഭവിക്കുമ്പോൾ ഇവരുടെ ചികിത്സാ ചെലവുകൾ തുടങ്ങിയ കാര്യങ്ങൾക്ക് ധനസഹായം നൽകാറുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) കന്നുകാലികളിൽ നിന്നും മറ്റ് വളർത്തുമൃഗങ്ങളിൽ നിന്നും ആക്രമണം നേരിടേണ്ടിവരുന്ന മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവർക്കുവേണ്ടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമോ ?

ഗോവർദ്ധിനി പദ്ധതി

1588. **ശ്രീ.പാലോട് രവി**

**,,** ടി.എൻ. പ്രതാപൻ

**,,** സണ്ണി ജോസഫ്

**,,** ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോവർദ്ധിനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതിയിൽ , ക്ഷീരകർഷകരുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ ;

(ഡി) ഗോരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോയെന്നറിയിക്കുമോ ?

ഗോവർദ്ധിനി പദ്ധതി

1589. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോവർദ്ധിനി പദ്ധതി സംസ്ഥാനത്ത് എന്നു മുതലാണ് ആരംഭിച്ചത്; ഇതിലൂടെ എത്ര കർഷകർക്കാണ് പ്രയോജനം ലഭിച്ചതെന്നും പാലുല്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ ?

മൃഗസംരക്ഷണത്തിനായി പദ്ധതികൾ

1590. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗസംരക്ഷണത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്തൊക്കെ പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിയ്ക്കുമെന്ന് വിശദമാക്കുമോ ;

(സി) കേരളത്തിൽ എത്ര മൃഗാശുപത്രികൾ നിലവിലുണ്ടെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും വിശദമാക്കുമോ ; പ്രസ്തുത ആശുപത്രികൾ പ്രയോജനപ്രദമല്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) മൃഗാശുപത്രികളിൽ ആവശ്യത്തിന് മരുന്നും ഡോക്ടർമാരും ജീവനക്കാരും ഇല്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

<u>ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കാൻ നടപടി</u>

1591. ശ്രീ.എസ്.ശർമ്മ

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, ബി.ഡി. ദേവസ്സി

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് ആവശ്യമായി വരുന്ന കാലിത്തീറ്റ ലഭ്യമാക്കാൻ മിൽമയ്ക്ക് കഴിയുന്നുണ്ടോയെന്നു അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ മിൽമയുടെ കാലിത്തീറ്റ നിർമ്മാണശേഷി വർധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം നല്കാമോ ;

(സി) മിൽമ ഇപ്പോൾ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന പ്ലാന്റുകളുടെ വിശദാംശങ്ങൾ നൽകാമോ ; ഇവ ഓരോന്നിലും എത്രമാത്രം അളവിൽ കാലിത്തീറ്റ ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന കണക്ക് ലഭ്യമാക്കാമോ?

<u>അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ</u>

1592. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പരിഷ്കരിച്ച സ്പെഷ്യൽ റൂൾ നടപ്പിൽ വരുത്തുന്നതിന്റെ കാലതാമസം വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾ നടപ്പാക്കാത്തു കൊണ്ട് ഈ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും സ്ഥാനക്കയറ്റവും നിയമനങ്ങളും കോടതി വിധിയുടെ അടിസ്ഥാനത്തിൽ തടയപ്പെട്ടിട്ടുണ്ടോയെന്നും പ്രശ്നം എങ്ങനെയാണ് പരിഹരിക്കുന്നതെന്നും വ്യക്തമാക്കാമോ ?

## പാഠപുസ്തക അച്ചടി

1593. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നാണ് പ്രസ്സ് അധികൃതർക്ക് നൽകിയതെന്നു വ്യക്തമാക്കുമോ;

(ബി) പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള പേപ്പർ, മഷി തുടങ്ങിയ അടിസ്ഥാന സാധനസാമഗ്രികൾ ഗവൺമെന്റ് പ്രസ്സുകളിൽ എന്നാണ് എത്തിച്ചു നൽകിയതെന്ന് രേഖകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ;

(സി) അച്ചടി പൂർത്തിയാക്കി ഏതു തിയ്യതിയ്ക്കകം എത്ര പുസ്തകങ്ങൾ കൈമാറണം എന്ന നിർദ്ദേശമാണ് അധികൃതർക്ക് നൽകിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

## അച്ചടിയുടെ ചെലവ്

1594. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അച്ചടിയുടെ ചെലവിനായി ആകെ എത്ര കോടി രൂപ ചിലവഴിച്ചു ;

(ബി) ഓരോ വർഷത്തെയും തുകകൾ പ്രത്യേകം വിശദമാക്കുമോ ;

(സി) സർക്കാർ പ്രസ്സുകളിൽ അല്ലാതെ പ്രൈവറ്റ് പ്രസ്സുകളിൽ സർക്കാരിൽ നിന്നും അച്ചടികൾ നടത്തുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതൊക്കെ പ്രസ്സുകളിലാണ് അച്ചടി നടത്തുന്നതെന്ന് പൂർണ്ണമായ മേൽവിലാസം സഹിതം വിവരിക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പ്രൈവറ്റ് പ്രസ്സുകളിൽ എത്ര കോടി രൂപയുടെ അച്ചടി നൽകി ; ഓരോ കൊല്ലവും ഓരോ പ്രസ്സിനും നൽകിയ തുക പ്രത്യേകം വിവരിക്കുമോ ?

## സർക്കാർ പ്രസ്സുകളെ ഫാക്ടറി ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയ നടപടി

1595. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളെ ഫാക്ടറി ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഫാക്ടറി ആക്ടിൽ നിന്ന് ഒഴിവാകുന്നതുകൊണ്ട് ഗവൺമെന്റ് പ്രസ്സ് ജീവനക്കാർക്ക് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്നതായ ഏതെല്ലാം ആനുകൂല്യങ്ങളാണ് നഷ്ടപ്പെടുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഗവൺമെന്റ് പ്രസ്സുകളിലെ ട്രേഡ് യൂണിയനുകൾ നൽകിയ പരാതികൾ പരിശോധിച്ച്, വീണ്ടും ഗവൺമെന്റ് പ്രസ്സുകളെ ഫാക്ടറി ആക്ടിന് കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>പാഠപുസ്തകങ്ങളുടെ അച്ചടി</u>

1596. ശ്രീ.റ്റി.വി.രാജേഷ്

,, ആർ. രാജേഷ്

,, വി.ശിവൻകുട്ടി

,, കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാഠപുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസ്സുകളിൽ നടത്തുന്നുണ്ടോ;

(ബി) ഇതിനാവശ്യമായ സജ്ജീകരണങ്ങൾ സർക്കാർ പ്രസ്സുകൾക്ക് ഒരുക്കിക്കൊടുക്കുന്നതിൽ പാളിച്ചകൾ സംഭവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന് ആവശ്യമായി വരുന്ന പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുന്നതിന് സർക്കാർ പ്രസ്സുകളിൽ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഗ്രാമ -ബ്ലോക്ക് പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

1597. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രാമ -ബ്ലോക്ക് പഞ്ചായത്തുകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും ഒരു നെറ്റ്വർക്കിന് കീഴിലാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിൻെറ ഭാഗമായി ജീവനക്കാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയതെന്ന് വിശദമാക്കാമോ ?

<u>പുതിയ പഞ്ചായത്തുകൾ</u>

1598. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചതുമായി ബന്ധപ്പെട്ട് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള അപേക്ഷകൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

## പുതിയ ഗ്രാമപഞ്ചായത്തുകൾ

1599. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണ് ;

(ബി) ഏതൊക്കെ പഞ്ചായത്തുകൾ വിഘടിപ്പിച്ചാണ് പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

## പുതിയതായി ആരംഭിച്ച പഞ്ചായത്തുകൾ

1600. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര പഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്; ഇവ ഏതൊക്കെയെന്ന് പേര് സഹിതം വിശദമാക്കുമോ ;

(ബി) ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ;

(സി) പുതിയ പഞ്ചായത്തുകൾ വരുന്നതുമൂലം എത്ര കോടി രൂപയുടെ അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

## ജനന - മരണ സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള നിബന്ധനകൾ

1601. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന - മരണ സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള നിബന്ധനകൾ വിശദമാക്കുമോ ; ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) വിവിധ ഘട്ടങ്ങളിൽ ഇറങ്ങിയ ഉത്തരവുകളുടെ സംഗ്രഹം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

## മങ്കട പ്രസ്സ് ക്ലബിന് സൗജന്യമായി മുറി

1602. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ടൗണിൽ, മങ്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞ് കിടക്കുന്ന ഒരു മുറി മങ്കട പ്രസ്സ് ക്ലബിന് സൗജന്യമായി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭരണസമിതിയുടെ തീരുമാനവും, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയും

ഉണ്ടായിട്ടും, ഇതുവരെ ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഗ്രാമ പഞ്ചായത്ത് ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ട് തസ്തികകൾ</u>

1603. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്ത് ഓഫീസുകളിലെ ഉദ്യോഗസ്ഥ അനുപാതം വിശദമാക്കുമോ ;

(ബി) എത്ര പഞ്ചായത്തിലാണ് ജൂനിയർ സൂപ്രണ്ട് തസ്തികകൾ അനുവദിച്ചതെന്ന് അറിയിക്കുമോ ; ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) അർഹതയുള്ള എത്ര പഞ്ചായത്തുകൾക്കാണ് ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ ബാക്കിയുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഡി) അർഹതയുള്ള എല്ലാ പഞ്ചായത്തിലും ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>വിവാഹ രജിസ്ട്രാർ ജനറൽ</u>

1604. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹ രജിസ്ട്രാർ ജനറൽ എന്ന തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) വിവാഹ രജിസ്ട്രാർ ജനറലിന്റെ ആഫീസിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കുമോ ;

(സി) നിലവിൽ ഈ ആഫീസിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് എന്നുള്ളതടക്കമുള്ള പ്രവർത്തന വിവരങ്ങൾ വിശദമാക്കുമോ ?

<u>തദ്ദേശ സ്വയം ഭരണ വകുപ്പിലേക്കുള്ള ജീവനക്കാരുടെ പുനർവിന്യാസം</u>

1605. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22-05-2013-ലെ E4-1771/12 /CE/LSGD ഉത്തരവ് പ്രകാരം എത്ര ജീവനക്കാരെ സ്ഥിരമായി പുനർവ്യന്യസിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര പേർ തദ്ദേശ സ്വയം ഭരണ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അത്തരത്തിൽ ജോലിയിൽ പ്രവേശിച്ചവരുടെ ലാവണം ഏതു വകുപ്പിലാണെന്ന് വ്യക്തമാക്കുമോ ; ആയതു തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) മേൽസൂചിപ്പിച്ച ഉത്തരവ് പ്രകാരം എൽ.എസ്.ജി.ഡി.യിൽ ജോലിയിൽ പ്രവേശിച്ചവരും

ഓപ്ഷൻ നൽകി എൽ.എസ്.ജി.ഡി.യിലേക്ക് വന്നവരും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുമോ ;

(ഇ) എൽ.എസ്.ജി.ഡി.യിൽ ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 25-11-2013-ലെ എൽ.ഡി. ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ലിസ്റ്റിൽ 22-05-2013-ലെ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിച്ച ശ്രീമതി. റീജ കെ.-യെ ഒഴിവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത വ്യക്തിക്ക് സർവീസിൽ നേരിട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## മണ്ഡലം ആസ്തി വികസന പദ്ധതിയിൽപ്പെടുത്തിയ ജോലികൾ

1606. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന പദ്ധതിയിൽപ്പെടുത്തിയ എത്ര രൂപയുടെ ജോലികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗം ചെയ്യുന്നുണ്ടെന്ന് പറയാമോ;

(ബി) ആലപ്പുഴ ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിൽ ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി വിവിധ എം.എൽ.എ. മാർ നിർദ്ദേശങ്ങൾ നൽകി, ഭരണാനുമതി ലഭിച്ചതും തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിൽ ചെയ്യേണ്ടതുമായ എത്ര രൂപയുടെ ജോലികൾ ഇതിനകം പൂർത്തീകരിക്കപ്പെട്ടുവെന്ന് മണ്ഡലവും വർഷവും തിരിച്ച് വിശദ മാക്കാമോ?

## തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതി

1607. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിക്കുന്ന വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) അനുമതി ലഭിക്കുന്നതിനായി ഏതു സാഹചര്യത്തിലാണ് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (കെ.സി.ഇസഡ്. എം. എ.) മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടി വരുന്നതെന്ന് വിശദീകരിക്കാമോ ;

(സി) ഗ്രാമപഞ്ചായത്ത് തലത്തിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം കാര്യങ്ങളാണ് അനുമതി നൽകുന്നതിനായി കെ. സി .ഇസഡ്. എം. എ. പരിഗണിക്കാറുള്ളതെന്ന് അറിയിക്കാമോ ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ കാർഷിക മേഖലയിൽ ചെലവാക്കിയ തുക

1608. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ കാർഷിക മേഖലയിൽ എത്ര തുക ചെലവാക്കി എന്ന് വ്യക്തമാക്കാമോ ?

തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടി

1609. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ കടിയേറ്റവർക്ക് ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ആധുനിക വാതകാധിഷ്ഠിത ശ്മശാനം

1610. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് മോഡേൺ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നത് എന്ന് വിശദീകരിക്കുമോ ;

(ബി) ഓരോ ക്രിമറ്റോറിയത്തിനും എത്ര തുകയാണ് നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയും എന്നാണ് അനുമാനിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

ത്രിതല പഞ്ചായത്തുകളുടെ വിഭജനം

1611. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ വിഭജനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടുണ്ടോ ;

(ബി) എന്തു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ വിവിധ ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ചിട്ടുള്ളത് ;

(സി) പഞ്ചായത്തു വിഭജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്തിട്ടുണ്ടോ ;

(ഡി) വിവിധ പഞ്ചായത്തുകളുടെ വിഭജനത്തോട് എതിർപ്പു പ്രകടിപ്പിച്ചുകൊണ്ട് ജനപ്രതിനിധികളും പഞ്ചായത്ത് ഭരണസമിതികളും സമർപ്പിച്ച പരാതികൾ പരിശോധിക്കുവാനും ഇവരുമായി

ചർച്ച ചെയ്യുവാനും നടപടി സ്വീകരിക്കുകയുണ്ടായോ ;

(ഇ) അത്തരത്തിൽ ചർച്ചകൾക്കൊന്നും തയ്യാറാകാതെപഞ്ചായത്ത് വിഭജനം സംബന്ധിച്ച നിലപാട് ഏങ്ങനെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ആദർശ് ഗ്രാമ യോജന

1612. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദർശ് ഗ്രാമ യോജനയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകൾ ആദർശ് ഗ്രാമ യോജനയിൽ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതിയുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

ശുചിത്വ മിഷൻ

1613. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമത്തിലും നഗരത്തിലുമുള്ള എല്ലാ കുടുംബങ്ങൾക്കും ശുചീകരണ സംബന്ധമായ സൗകര്യം നൽകാൻ ശുചിത്വ മിഷൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

ഭവനശ്രീ പദ്ധതി

1614. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ പദ്ധതിക്കായി സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളുന്ന നടപടി ഏതു ഘട്ടത്തിലാണ്;

(ബി) ഇതു സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; നക്ഷത്ര ചിഹ്നമിടാത്ത ചോദ്യമായി അനുവദിക്കാവുന്നതാണ്

(സി) എത്ര ഗുണഭോക്താക്കൾക്ക് എത്ര തുകയുടെ ആനുകൂല്യമാണ് ലഭിക്കുന്നത് ;

(ഡി) എത്ര തുക സഹകരണ ബാങ്കുകൾക്കു നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്?

ശുചിത്വ മിഷൻ

1615. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുചിത്വ മിഷന്റെ ചുമതലകൾ എന്തെല്ലാമാണ്;

(ബി) ശുചിത്വ മിഷനിലെ ഉദ്യോഗസ്ഥ ഘടന വിശദമാക്കുമോ;

(സി) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് രൂപം നൽകാൻ സാങ്കേതിക അറിവുള്ള എത്രപേർ ശുചിത്വ മിഷനിൽ നിലവിൽ ജോലി ചെയ്യുന്നു; വിശദാംശങ്ങൾ നൽകുമോ;

(ഡി) ശുചിത്വമിഷന്റെ സാങ്കേതിക സഹായത്തോടെ നിർമ്മാണം പൂർത്തീകരിച്ച്, തദ്ദേശസ്ഥാപനങ്ങളുടെ കീഴിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന അഞ്ച് മാലിന്യനിർമ്മാർജ്ജന കേന്ദ്രങ്ങളുടെ വിവരം നൽകുമോ?

<u>ശുചിത്വ മിഷനും മാലിന്യ സംസ്കരണവും</u>

1616. ശ്രീ.കെ.ശിവദാസൻ നായർ

,, ലൂഡി ലൂയിസ്

,, പി.എ.മാധവൻ

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് നടപ്പാക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) മാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷൻ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വ്യക്തമാക്കുമോ ;

(സി) മാലിന്യ സംസ്കരണത്തിൽ ശുചിത്വ മിഷൻ നേരിടുന്ന പ്രതിസന്ധികൾ വ്യക്തമാക്കുമോ ?

<u>കെട്ടിട നികുതി വർദ്ധനവ്</u>

1617. ശ്രീ.കെ.കുഞ്ഞിരാമൻ **(**ഉദുമ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ;

(ബി) ഏത് മാനദണ്ഡ പ്രകാരമാണ് നികുതി വർദ്ധിപ്പിച്ചിട്ടുള്ളത്; മുൻ സർക്കാരിന്റെ കാലത്തേതിനേക്കാളും എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ ?

<u>ശുചിത്വ മിഷന്റെ മാലിന്യ മുക്ത കേരളം പദ്ധതി</u>

1618. ശ്രീ.സണ്ണി ജോസഫ്

,, എം.എ. വാഹീദ്

,, പി.സി വിഷ്ണുനാഥ്

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മിഷൻ വഴി മാലിന്യ മുക്ത കേരളം പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിനുളള കേന്ദ്ര സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനുളള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## മാലിന്യ നിർമ്മാർജ്ജനം

1619. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാനായി തദ്ദേസ്വയംഭരണ വകുപ്പിന് സംസ്ഥാന, കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രയാണ് ;

(ബി) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി പ്രസ്തുത തുക ആർക്കെല്ലാം വിതരണം ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത തുകയിൽ ശുചിത്വമിഷന് നൽകിയ തുകയും നാളിതുവരെ ചെലവഴിച്ച തുകയുടെ കണക്കും വെളിപ്പെടുത്തുമോ ?

## നാട്ടിക, തളിക്കുളം പഞ്ചായത്ത് - പുര പദ്ധതി

T 1620. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ധനസഹായത്തോടെ നാട്ടിക മണ്ഡലത്തിലെ തളിക്കുളം പഞ്ചായത്തിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പുര പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിന് കാരണങ്ങൾ വിശദമാക്കുമോ?

## പുതുതായി രൂപീകരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

T 1621. ശ്രീ.എ.എ.അസീസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും രൂപീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

## പുതുതായി രൂപീകരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

1622. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൽ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ ജില്ലാതലത്തിൽ എത്രവീതമെന്ന് വിശദമാക്കാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അധിക ബാധ്യത സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ?

<u>വീട്ടുകരം</u>

1623. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്ത ഭടൻമാർക്ക് അനുവദിച്ച നൽകിയിട്ടുള്ള വീട്ടുകരം ഒഴിവിനെ സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ബി) പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരേ തരത്തിലല്ല ആയതു നടപ്പിലാക്കിയിരിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പ്രത്യേക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കാൻ സന്നദ്ധമാകുമോ എന്ന് വ്യക്തമാക്കുമോ;

(സി) വീട്ടുകരം ഒഴിവാക്കുന്നതിന് എല്ലാ വർഷവും ഏപ്രിൽ 1 മുതൽ 10 വരെ എന്ന വ്യവസ്ഥ വിമുക്ത ഭടൻമാർക്ക് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ ആയതിൽ ഇളവ് വരുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

<u>പുറക്കാട് ഐ. ടി. ഐ. യ്ക്ക് പഞ്ചായത്ത് വക സ്ഥലം</u>

1624. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗവൺമെന്റ് ഐ.ടി.ഐ. യ്ക്ക് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) ഇതേ ആവശ്യം ഉന്നയിച്ച് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) പ്രസ്തുത സ്ഥലം വിട്ടുനൽകാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>മുളക്കുളം വൃദ്ധസദനം</u>

1625. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ ആരംഭിക്കുന്ന വൃദ്ധസദനത്തിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത വൃദ്ധസദനത്തിനായുള്ള, സാമൂഹ്യനീതി ഡയറക്ടറേറ്റിലെ F5/35021/2014 ഫയൽ പ്രകാരമുള്ള കെട്ടിടനിർമ്മാണ ത്തിന് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ സാമ്പത്തികവർഷം പദ്ധതിക്ക് അനുമതി ലഭിക്കുമോ എന്നറിയിക്കുമോ ?

പുത്തൂർ പഞ്ചായത്തിന്റെ ആസ്ഥാനം

1626. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുതുതായി രൂപീകരിച്ച പുത്തൂർ പഞ്ചായത്തിന്റെ ആസ്ഥാനം പുത്തൂർ ആയി തന്നെ നിലനിർത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇങ്ങനെ ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കുട്ടനാട് നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

1627. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ വകുപ്പ് വഴി എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് കുട്ടനാട് നിയോജകമണ്ഡലത്തിൽ നടത്തിയത് എന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ;

പഞ്ചായത്ത് രൂപീകരണം

1628. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി എത്ര പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ?

പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ തസ്തിക

1629. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ തസ്തികയിലെ ഒഴിവ് എന്നു മുതലാണുണ്ടായതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സമയബന്ധിതമായി പ്രസ്തുത ഒഴിവ് നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉൽപ്പാദന മേഖലയിൽ ചെലവഴിച്ച തുക</u>

1630. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദന മേഖലയിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഇത് ആകെ ചെലവഴിച്ച തുകയുടെ എത്ര ശതമാനമാണ് ?

<u>കുടുംബശ്രീ പദ്ധതികൾ</u>

1631. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ് ; വ്യക്തമാക്കാമോ ;

(ബി) Anti-human trafficking എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ; ഇതിന് നീക്കിവച്ച തുക എത്രയാണ് ;

(സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ anti human trafficking പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; ഈ ജില്ലകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ ?

<u>പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ റൂൾ</u>

T 1632. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ റൂൾ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് ഇതിന് പ്രാബല്യം നൽകിയിട്ടുള്ളത് ; പ്രസ്തുത റൂളിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റൂൾ പ്രകാരം വകുപ്പിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമെന്നും റൂളിൽപ്പെടാതെയുള്ള തസ്തികകളുണ്ടോ എന്നും എങ്കിൽ അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(സി) വകുപ്പിലെ ഗസറ്റഡ്, നോൺഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് ലഭ്യമാക്കാമോ ;

(ഡി) വകുപ്പുതല സ്പെഷൽ റൂൾ ഭേദഗതി ചെയ്യാൻ നിർദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

<u>പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരുടെ പ്രമോഷൻ</u>

1633. ശ്രീ.ചിററയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരുടെ പ്രമോഷൻ ഏറ്റവും അവസാനം എന്നാണ് നടന്നത് ;

(ബി) പ്രമോഷൻ നൽകാത്ത കാരണത്താൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്നുള്ള വിവരം കാറ്റഗറി തിരിച്ച് അറിയിക്കുമോ ;

(സി) പ്രസ്തുത പ്രമോഷൻ സ്തംഭനാവസ്ഥയ്ക്ക് കാരണം വിശദമാക്കുമോ ;

(ഡി) ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി

T 1634. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി സ്ഥാപിക്കുന്നതിനും ചുനക്കര ഗ്രാമപഞ്ചായത്ത്, പഞ്ചായത്തതിർത്തിക്കുള്ളിലെ പുറമ്പോക്ക് സ്ഥലം ലഭ്യമാക്കുന്നതിനും അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് മാതൃകാ അംഗനവാടി ആരംഭിക്കുന്നതിന് വില്ലേജ് ആഫീസർ റിപ്പോർട്ട് തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) മാതൃകാ അംഗനവാടി ആരംഭിക്കുന്നതിന് പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

1635. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ എൽ.എസ്.ജി.ഡി .എഞ്ചിനീയറിംഗ് വിഭാഗം നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ചുനക്കര, നൂറനാട് പഞ്ചായത്തുകളിലെ ഓഫീസുൾപ്പെടെയുള്ള വ്യാപാര സമുച്ചയത്തിന്റെയും നൂറനാട് മുക്കാട് തോടിനു കുറുകെയുള്ള പാലത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

കുടുംബശ്രീ പ്രവർത്തകർക്കായുള്ള പെൻഷൻ പദ്ധതി

1636. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പ്രവർത്തകർക്കായുള്ള പെൻഷൻ പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പദ്ധതിക്കായുള്ള നടപടി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ;

(സി) കുടുംബശ്രീ അംഗങ്ങൾക്കുള്ള 'കാരുണ്യശ്രീ' പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമാക്കിയെന്ന് പറയാമോ ?

<u>അറവുശാലകൾ</u>

1637. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി അറവുശാലകൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള എത്ര അറവുശാലകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയെന്നും, എത്രയെണ്ണം അടച്ചുപൂട്ടിയെന്നും അറിയിക്കുമോ ;

(സി) അറവുശാലകൾ നിലവാരമുള്ളതും ശുചിത്വമുള്ളതുമാക്കി തീർക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിലെ പ്രവൃത്തികൾ</u>

1638. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് 2013-14, 2014-15, 2015-16വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പിൽ വരുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, മറ്റു പ്രവൃത്തികൾ എന്നിവ തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

<u>പ്ലാൻഫണ്ട് ചെലവ്</u>

1639. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്ലാൻഫണ്ട് ചെലവ് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞതായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) യഥാസമയം പ്ലാൻഫണ്ട് അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>പാലിയേറ്റീവ് കെയർ സംവിധാനം</u>

1640. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിയേറ്റീവ് കെയർ സംവിധാനം കാര്യക്ഷമമായ രീതിയിൽ നടത്തുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; കാസർഗോഡ് ജില്ലയിൽ പാലിയേറ്റീവ് കെയർ സംവിധാനം കാര്യക്ഷമമായി നടത്തിവരുന്നതു ഏതെല്ലാം പഞ്ചായത്തുകളാണെന്ന് വ്യക്തമാക്കാമോ?

<u>പാലിയേറ്റീവ് നഴ്സുമാരുടെ വേതനം</u>

1641. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിനു കീഴിലുള്ള പാലിയേറ്റീവ് നഴ്സുമാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഭൂരഹിതർക്ക് വീട് നിർമ്മിക്കുന്നതിലെ തടസ്സം</u>

1642. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ പഞ്ചായത്തുകൾ വിലകൊടുത്തു വിതരണം ചെയ്യുന്ന ഭൂമിക്ക് പഞ്ചായത്തിൽ നിന്നും എന്തുരേഖയാണ് നൽകുന്നത് ;

(ബി) അനുവാദപത്രിക ലഭിച്ചവർക്ക് പട്ടയം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(സി) അനുവാദ പത്രിക ലഭിച്ചവർക്ക് എൻ.ഒ.സി നൽകാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വിശദമാക്കാമോ?

<u>വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിലെ ക്രമക്കേടുകൾ .</u>

1643. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിൽ നടത്തിയ പെർഫോർമൻസ് ഓഡിറ്റിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്;

(ബി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആയവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ക്ഷേമ പെൻഷനുകൾ</u>

1644. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്തുവരുന്നത് ; ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണ് ; ഈ

സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും ക്ഷേമ പെൻഷന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കായി എത്ര തുക വീതമാണ് വർദ്ധിപ്പിച്ചത് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേമ പെൻഷനുകൾ കൊടുക്കുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ ; ഓരോ പെൻഷനിലും എത്ര മാസത്തെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ പെൻഷനും നീക്കിവച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) നിലവിൽ ഓരോ പെൻഷനിലും എത്ര മാസത്തെ കുടിശ്ശിക വിതമാണുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ; ഇത് കൊടുത്തുതീർക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; എന്നത്തേക്ക് കുടിശ്ശിക പൂർണ്ണമായി കൊടുത്തു തീർക്കാൻ കഴിയും ;

(എഫ്) നടപ്പ സാമ്പത്തിക വർഷം ഓരോ പെൻഷനും വേണ്ടി എത്ര തുകയാണ് നീക്കിവയ്ക്കാൻ പോകുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കുടുംബശ്രീയുടെ നടത്തിപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടന്റുമാരുടെ വേതനം</u>

1645. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നടത്തിപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടന്റുമാരുടെ വേതനം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്നു വ്യക്തമാക്കാമോ ;

(ബി) ഇവരുടെ വേതനം എപ്പോഴെങ്കിലും പുതുക്കി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതു വർഷമാണെന്ന് വ്യക്തമാക്കാമോ ;

(സി) വർഷങ്ങളായി സേവനം അനുഷ്ഠിച്ചുവരുന്ന ഇവരുടെ വേതനം ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ?

## <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം</u>

1646. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തേയ്ക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഇതുവരെ എത്ര ശതമാനം തുക ചെലവഴിച്ചു ; വിശദമാക്കാമോ ?

## <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിനുള്ള പെർമിസ്സീവ് സാങ്ഷൻ</u>

1647. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്ഥാപനങ്ങൾക്കായി /ആവശ്യങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും പണം പിൻവലിച്ച് നൽകുന്നതിനുള്ള പെർമിസ്സീവ് സാങ്ഷൻ ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര തവണ നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്ക്/ആവശ്യങ്ങൾക്കായാണ് ഇത്തരത്തിൽ നൽകിയിട്ടുള്ളത് എന്നറിയിക്കാമോ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

1648. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവൃത്തികളുടെയും വാങ്ങുന്ന ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) സർക്കാർ/അർദ്ധ സർക്കാർ ഏജൻസികൾ എന്ന പേരിൽ ഗ്രാമപഞ്ചായത്തുകൾ ടെണ്ടറുകളില്ലാതെ ഉപകരണങ്ങൾ വാങ്ങുന്നത് തട യാൻ ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) തെരുവുവിളക്കുകളിൽ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകുമോ ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന് അനുവദിച്ച തുക</u>

1649. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുകയുടെ പദ്ധതി നിർവ്വഹണത്തിനാണ് അംഗീകാരം നൽകിയതെന്ന് പറയാമോ;

(ബി) പദ്ധതി നിർവ്വഹണത്തിന് അനുവദിച്ച തുകയുടെയും അതിൽ വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അംഗീകരിച്ച നൽകിയ വാർഷിക പദ്ധതികൾ പൂർത്തിയാകാതിരിക്കാനുള്ള കാരണങ്ങൾ പറയാമോ;

(ഡി) പൂർത്തീകരിക്കാത്ത വാർഷിക പദ്ധതികൾ 2015-16 വർഷം നടപ്പിലാക്കുന്നതിന് മാറ്റിവെച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക</u>

1650. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തികവർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കി വച്ച തുക എത്രയെന്നറിയിക്കാമോ ; ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാനമാണിത് എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം എത്ര ശതമാനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കേണ്ടത് എന്നറിക്കാമോ ;

(സി) 2011-12 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് പ്രകാരം നീക്കിവച്ച തുകയിൽ എത്ര തുക ചെലവഴിച്ചുവെന്നറിയിക്കാമോ ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുകയുടെ വിതരണം

1651. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുക സാധാരണഗതിയിൽ എത്ര ഗഡുക്കളായി ഏതെല്ലാം സമയങ്ങളിലാണ് വിതരണം ചെയ്യുന്നത് എന്നറിയിക്കാമോ ;

(ബി) 2014-15 ൽ ഈ വകയിൽ നീക്കിവച്ച തുക എത്രയായിരുന്നു ; ഇത് എത്ര ഗഡുക്കളായിട്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതെന്നറിയിക്കാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കിയതിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗഡുക്കൾ ഈ സ്ഥാപനങ്ങളുടെ ട്രഷറി അക്കൗണ്ടിലേക്കാണോ കൈമാറ്റം ചെയ്തത് ;

(ഡി) 2014-15 ൽ കൈമാറ്റം ചെയ്യപ്പെട്ട തുകയിൽ പദ്ധതി തുടർ പ്രവർത്തനത്തിനായി എത്ര തുക മാറ്റിവച്ചിട്ടുണ്ടെന്നുള്ള കണക്ക് എടുത്തിട്ടുണ്ടോ ; എങ്കിൽ അവ ലഭ്യമാക്കാമോ ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയുള്ള കേസ്സുകൾ

1652. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയുള്ള എത്ര കേസ്സുകൾ ഓംബുഡ്സ്മാന്റെ മുന്നിൽ എത്തിയെന്നും അവയിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചെന്നും വിശദമാക്കാമോ?

## ഖരമാലിന്യങ്ങൾ സംസ്കരണ പദ്ധതി

1653. **ശ്രീ.ബെന്നി ബെഹനാൻ**

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** വി.റ്റി.ബൽറാം

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിൽ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) പദ്ധതി നിർവ്വഹണത്തിന് ആരെല്ലാമാണ് സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ?

<u>മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ</u>

1654. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ ;

(ബി) തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ വഴി ലഭിച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ശുചീകരണ പ്രവർത്തനത്തിന് ഫണ്ട് ചെലവഴിക്കാത്ത തദ്ദേശ സ്ഥാപനങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>പഞ്ചായത്തുകളിലെ പ്ലാൻ എക്സ്പെൻഡിച്ചർ</u>

1655. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ പഞ്ചായത്തുകളിലെ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്ന് ശതമാനം ഉൾപ്പെടെ വിശദീകരിക്കാമോ ;

(ബി) പ്ലാൻ എക്സ്പെൻഡിച്ചറിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇക്കൊല്ലം കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച പരിഹാരമാർഗ്ഗങ്ങൾ വിവരിക്കാമോ ?

<u>ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി</u>

1656. **ശ്രീ.ജോസഫ് വാഴയ്ക്കൻ**
**,,** വർക്കല കഹാർ
**,,** വി.ഡി.സതീശൻ
**,,** ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്ന സൗകര്യങ്ങളും സേവനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഐ.എസ്.ഒ നിലവാരം പ്രാപ്തമാക്കാൻ പഞ്ചായത്തുകൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

<u>ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ചെലവ്</u>

1657. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ചെലവ് എത്രയായിരുന്നു ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾക്ക് മുൻകൂട്ടി അംഗീകാരം വാങ്ങിയിട്ടും പദ്ധതി ചെലവ് കുറയാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 70% പദ്ധതി തുക ചെലവഴിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ഷോർട്ട് ഫാൾ ഇനത്തിൽ നഷ്ടപ്പെടുന്ന തുകയുടെ കണക്ക് വെളിപ്പെടുത്തുമോ ?

<u>ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തം ഫണ്ട് കണ്ടെത്തുവാൻ പദ്ധതി</u>

1658. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തം ഫണ്ട് കണ്ടെത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളത് ; വിശദമാക്കാമോ ;

(ബി) ഇത്തരം മാർഗ്ഗങ്ങളില്ലാത്ത പക്ഷം ആയതിനായി എന്തെങ്കിലും വരവിനങ്ങൾ സ്വരൂപിക്കുവാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

<u>മാലിന്യനിർമ്മാർജ്ജനത്തിന് ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ</u>

1659. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>**2014-15**വർഷത്തെ ബജറ്റ് വിഹിതത്തിലെ എക്സ്പെൻഡിച്ചർ</u>

1660. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15വർഷത്തെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി 2015 മാർച്ച്31ന് എത്രമാത്രം ചെലവ് ഉണ്ടായി എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) പ്ലാൻ, നോൺ- പ്ലാൻ ഇനത്തിൽ പ്രത്യേകമായി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഇനം തിരിച്ച് നൽകുമോ?

## 5 വർഷ പദ്ധതികൾ

1661. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ 5 വർഷ പദ്ധതികൾ ഉണ്ടാക്കുമെന്ന് നിർദേശിക്കപ്പെട്ടിരുന്നത് നടക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഇപ്പോഴും അത് വാർഷിക പദ്ധതിയായി ചുരുങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

## "കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം" സെക്യൂരിറ്റി മിഷൻ

1662. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം (Our Responsibility to Children, Kerala ) എന്ന കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിക്കുവേണ്ടി 2014-15 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 5 0ലക്ഷം രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ശിശു സംരക്ഷണ പരിപാടി

1663. ശ്രീ.ടി.എൻ. പ്രതാപൻ
,, ഐ.സി.ബാലകൃഷ്ണൻ
,, എ.റ്റി.ജോർജ്
,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശു സംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ;

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക- ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ?

## യാചക പുനരധിവാസ കേന്ദ്രങ്ങൾ

1664. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര യാചക പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു ;

(ബി) അവയ്ക്കുള്ള ഗ്രാന്റിന്റെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) കുടിശ്ശികഗ്രാന്റ് വിതരണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>വൃദ്ധ സദനങ്ങൾ എൻ.ജി.ഒ മാരെക്കൊണ്ട് നടത്തുന്നതിന് നടപടി</u>

T 1665. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 14 ജില്ലകളിലെ വൃദ്ധ സദനങ്ങൾ എൻ.ജി.ഒ മാരെക്കൊണ്ട് നടത്തുന്നതിന് പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ ?

<u>എല്ലാ സൗകര്യങ്ങളുമുള്ള അങ്കണവാടികളുടെ നിർമ്മാണം</u>

1666. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറു വയസ്സിനു താഴെപ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, വൃദ്ധർ എന്നിവരെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടു കൂടി എല്ലാ സൗകര്യങ്ങളും ഉള്ള 60 അങ്കണവാടികൾ നിർമ്മിക്കുന്നതിന് 4235- 02- 102 -96 (പി) എന്ന ശീർഷകത്തിൽ 2014 -15 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിരുന്നു;

(ബി) കെട്ടിടം നിർമ്മിക്കേണ്ട അങ്കണവാടികളുടെ പട്ടിക അംഗീകരിച്ചി ട്ടുണ്ടോ എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി എപ്രകാരമാണ് വിലയിരുത്തിയിരുന്നത്

(ഡി) 42 അങ്കണവാടികളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എഞ്ചിനീയറിംഗ് വിഭാഗങ്ങൾ തമ്മിൽ എന്തെങ്കിലും ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ടോ ; മലപ്പുറം ജില്ലയിലെ മുതുവല്ലൂർ, പുളിക്കൽ അംഗനവാടി കെട്ടിടത്തിന്റെ പുരോഗതി പ്രത്യേകം വിശദമാക്കുമോ ?

<u>സ്ത്രീ സമത്വ-ശാക്തീകരണം നയരൂപീകരണം</u>

1667. ശ്രീ.കെ.എൻ.എ.ഖാദർ

,, എൻ. ഷംസുദ്ദീൻ

,, പി.ഉബൈദുള്ള

,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സമത്വ-ശാക്തീകരണ വിഷയത്തിൽ നയരൂപീകരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രത്യേകതകൾ വിശദമാക്കുമോ;

(ബി) മൂന്നാം ലിംഗക്കാരുടെ ആവശ്യങ്ങളും താല്പര്യങ്ങളും ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്നും, അവയ്ക്ക് പ്രാധാന്യം നൽകി നയത്തിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

## അടൂർ നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടി പദ്ധതി

1668. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിൽ മാതൃകാ അംഗൻവാടി പദ്ധതി അംഗീകരിച്ചിട്ടുള്ളത് ആരുടെ ശിപാർശ പ്രകാരമാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമായതനുസരിച്ച് നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ?

## മാതൃകാ അങ്കണവാടി

1669. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മണ്ഡലങ്ങളിലാണ് മാതൃകാ അങ്കണവാടി അനുവദിച്ചിട്ടുള്ളത് ;

(ബി) മാതൃകാ അങ്കണവാടി അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; ഇതിന്റെ നിർമ്മാണച്ചെലവ് എത്രയാണ് ; ഇത് ആരാണ് വഹിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) മാതൃകാ അങ്കണവാടിക്ക് സ്ഥലം നൽകേണ്ടത് ആരാണ് ; സ്ഥലം ഇല്ലാത്തതുകൊണ്ടാണോ എല്ലാ മണ്ഡലങ്ങളിലും ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതെന്ന് വ്യക്തമാക്കുമോ ; എങ്കിൽ കൂടുതൽ സ്ഥലങ്ങൾ ഉള്ള മണ്ഡലങ്ങളിൽ ഒന്നിലധികം മാതൃകാ അങ്കണവാടികൾ അനുവദിക്കാൻ ആലോചനയുണ്ടോ ?

## മാതൃകാ അങ്കണവാടി

1670. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച മാതൃകാ അങ്കണവാടികളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ?

## മാതൃകാ അംഗൻവാടി

1671. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**
ശ്രീമതി.കെ.എസ്.സലീഖ
ഡോ.കെ.ടി.ജലീൽ
ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ ;

(ബി) മാതൃകാ അംഗൻവാടികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത ആവശ്യത്തിനായി 2014-15 വർഷത്തിൽ നീക്കിവെച്ച തുക എത്രയായിരുന്നു ; അതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) മാതൃകാ അംഗൻവാടികളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്നത് എത്ര തുകയാണ് ; ഇത് പര്യാപ്തമാണോ ;

(ഇ) സംസ്ഥാനത്തെ എല്ലാ അംഗൻവാടികളെയും മാതൃകാ അംഗൻവാടിയുടെ നിലവാരത്തിലേക്കുയർത്താൻ സാധിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ?

<u>മാതൃകാ അംഗൻവാടികൾ</u>

1672. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അംഗൻവാടികളുടെ പ്രവർത്തനം എത്രത്തോളം കാര്യക്ഷമമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കാസറഗോഡ് ജില്ലയിൽ മാതൃകാ അംഗൻവാടികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കയാണെന്ന് വ്യക്തമാക്കാമോ ?

<u>മാതൃകാ അങ്കൻവാടികൾ</u>

1673. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അങ്കൻവാടികൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നുണ്ട്; അവയിൽ എത്രയെണ്ണം മാതൃകാ അങ്കൻവാടിയായി മാറ്റപ്പെട്ടു എന്ന് വിശദമാക്കുമോ;

<u>സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകളുടെ വൃദ്ധസദനങ്ങൾക്കുള്ള ഗ്രാന്റ് കുടിശ്ശിക</u>

1674. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളുടെ എണ്ണമെത്രയാണെന്ന് അറിയിക്കാമോ ;

(ബി) ഇവ ഓരോന്നിനും നൽകി വരുന്ന ഗ്രാന്റിനെ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) ഗ്രാന്റ് വിതരണത്തിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) ഗ്രാന്റ് വിതരണത്തിലെ കുടിശ്ശിക എന്ന് തീർക്കാൻ കഴിയുമെന്നറിയിക്കാമോ ?

<u>സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും വകയിരുത്തിയ തുക</u>

1675. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി എത്ര കോടി രൂപയാണ് വകയിരുത്തിയിരുന്നത്;

(ബി) അതിൽ ഓരോ മേഖലയ്ക്കും എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത മേഖലയ്ക്കായി തുക മാറ്റിവച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ?

<u>സ്കൂൾ കൗൺസിലർമാരുടെ സേവന-വേതന വ്യവസ്ഥകൾ</u>

T 1676. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പിലെ സ്കൂൾ കൗൺസിലർമാരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ?

<u>സാന്ത്വന ശുശ്രൂഷ പദ്ധതി</u>

1677. **ഡോ.എൻ. ജയരാജ്**
**ശ്രീ.എം.വി.ശ്രേയാംസ് കുമാർ**
**,, റോഷി അഗസ്റ്റിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ സാന്ത്വന ശുശ്രൂഷയ്ക്കായുള്ള പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടിനുള്ള സംവിധാനം എപ്രകാരമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത ഫണ്ട് ക്രമമായി വിതരണം ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ?

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികൾക്ക് കെട്ടിടം

1678. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എതൊക്കെ അംഗൻ വാടികളാണ് ഇതിനായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ ?

സോഷ്യൽ സെക്യൂരിറ്റി മിഷൻ

1679. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; വിശദാംശം നൽകുമോ ?

ചേർത്തല മണ്ഡലത്തിൽ സ്നേഹപൂർവ്വം പദ്ധതി പ്രകാരമുള്ള തുക വിതരണം

1680. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളിൽ ആരെങ്കിലും ഒരാളോ, രണ്ടുപേരുമോ മരണമടഞ്ഞുപോയ കേസുകളിൽ വിദ്യാർത്ഥികളായ മക്കൾക്ക് പ്രതിമാസ സാമ്പത്തിക ആനുകൂല്യം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി പ്രകാരം ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിലെ എത്ര കുട്ടികൾ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട് എന്നു അറിയിക്കാമോ ; ഇവർക്ക് ലഭിക്കേണ്ട തുക കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ടോ എന്നു അറിയിക്കാമോ ; എല്ലാ മണ്ഡലങ്ങളിലും തുക വിതരണം എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) സ്നേഹപൂർവ്വം പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള കുട്ടികളുടെ പേരുകൾ അതത് സ്കൂൾ അധികൃതർ തന്നെ ഓൺലൈനായി രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ അർഹരായ കുട്ടികളുടെ പേരുകൾ യഥാസമയം രജിസ്റ്റർ ചെയ്യാത്ത അധികാരികൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ ?

സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി

1681. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചു വയസിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് 'കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി' സഹായം ലഭിക്കുന്നതിന് കുടുബത്തിന്റെ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ ;

(സി) താഴ്ന്ന വരുമാനക്കാരായ സർക്കാർ ജീവനക്കാർ അടക്കമുള്ളവരുടെ കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താൻ സാധിക്കുമോ ;

(ഡി) വരുമാനപരിധിയില്ലാതെ രോഗബാധിതരായ മുഴുവൻ കുട്ടികൾക്കും കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി സൗജന്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി</u>

1682. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കുമോ?

<u>അംഗൻവാടി ജീവനക്കാരുടെ ആവശ്യങ്ങൾ</u>

1683. **ശ്രീമതി.കെ.കെ.ലതിക**
**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**
**ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർ വേതനവർദ്ധന ആവശ്യപ്പെട്ട് നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാർ മുന്നോട്ടു വയ്ക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇതു സംബന്ധിച്ച നിലപാട് എന്താണെന്നറിയിക്കാമോ;

(ഡി) ജീവനക്കാരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാൻ തയ്യാറാകുമോ?

<u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കാൻ നടപടി</u>

1684. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ തുടങ്ങുമെന്ന പ്രഖ്യാപനം 2011-ലെ ബഡ്ജറ്റിൽ ഉണ്ടായിരുന്നുവോയെന്നു വെളിപ്പെടുത്തുമോ;

(ബി) ഇത് പ്രകാരം എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) ഇനിയും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കപ്പെടാത്ത ജില്ലകൾ ഏതെല്ലാമാണ്

എന്നറിയിക്കാമോ;

## സാമൂഹ്യനീതി വകുപ്പിലെ കരാർ ജീവനക്കാർ

T 1685. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ എത്ര ; തസ്തിക തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

## അവധിയെടുത്ത അംഗൻവാടി വർക്കറെ തിരകെ ജോലിയിൽ പ്രവേശിപ്പിക്കാൻ നടപടി

1686. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെന്റർ നമ്പർ 160 അംഗൻവാടിയിൽ വർക്കറായി ജോലിയിലിരിക്കെ ഹൃദയസംബന്ധമായ അസുഖം നിമിത്തം അവധിയെടുക്കേണ്ടിവന്ന ശ്രീമതി എൽ. കൈരളി(വിഷ്ണു ഭവൻ, പേരുത്തല, കാട്ടായിക്കോണം, പോത്തൻകോട് )യ്ക്ക് വീണ്ടും ജോലിയിൽ പ്രവേശിക്കുവാൻ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) അസുഖം നിമിത്തം ലീവെടുക്കേണ്ടി വന്ന കൈരളിക്ക് റഗുലറായി ജോലി നൽകുവാൻ കഴിയാത്തതെന്തെന്ന് വ്യക്തമാക്കാമോ ;

(സി) കൈരളിക്ക് സ്ഥിരമായി ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

## സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം

1687. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റ ശേഷമുള്ള സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്ഷേമ പെൻഷനുകൾ പൂർണ്ണമായും കൊടുത്തു തീർക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ക്ഷേമപെൻഷനുകളാണ് നിലവിൽ കുടിശ്ശികയായി ഉള്ളതെന്ന് ഇനം തിരിച്ചുള്ള വിവരം തുക സഹിതം വിശദമാക്കുമോ ;

(ഡി) സർക്കാരിന്റെ നാലാം വാർഷികം ആഘോഷിച്ച അവസരത്തിൽ കുടിശ്ശികയായി കിടക്കുന്ന പ്രസ്തുത ക്ഷേമപെൻഷനുകൾ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

## സാമൂഹ്യക്ഷേമ പെൻഷൻ - കുടിശ്ശിക

1688. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നറിയിക്കാമോ ?

<u>സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക</u>

1689. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പെൻഷനുകൾ ഓരോന്നും എത്ര ഗഡു വീതം വിതരണം ചെയ്തെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എത്ര ഗഡുവും എത്ര തുകയും കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ ?

<u>സാമൂഹ്യക്ഷേമ പദ്ധതികൾ</u>

1690. **ശ്രീ.തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ എന്തെല്ലാം ;

(ബി) ഓരോ പദ്ധതിയുടേയും ഗുണഭോക്താക്കൾ എത്ര ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ ചെലവാക്കിയ തുക എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രയോജനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം</u>

1691. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നിലത്തെഴുത്ത് കളരികൾ പ്രവർത്തിക്കുന്നു; അവിടങ്ങളിൽ 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള എത്ര കുട്ടികൾ പഠിക്കുന്നു; വിശദാംശം നൽകുമോ;

(ബി) നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>അംഗപരിമിതരുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന സംഘടനകൾ</u>

1692. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആകെ എത്ര അംഗപരിമിതരാണ് ഉള്ളതെന്ന് പറയാമോ;

(ബി) ഇതിൽ എത്ര പേർ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് പറയാമോ;

(സി) അംഗപരിമിതരുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന എത്ര സംഘടനകൾ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ അംഗീകാരമുള്ളവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത വിഭാഗത്തെ ചൂഷണം ചെയ്യുന്ന വ്യാജസംഘടനകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

<u>വൈകല്യങ്ങളുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും</u>

T 1693. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം/ ബുദ്ധിമാന്ദ്യം/ മറ്റുവൈകല്യങ്ങൾ എന്നിവ ഉള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും നൽകുന്നതിനായി നിലവിൽ എന്തൊക്കെ സൗകര്യങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കുട്ടികൾക്ക് റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ ?

<u>അനാഥാലയങ്ങളിലെ അന്തേവാസികളുടെ വിദ്യാഭ്യാസ ഉന്നമനം</u>

1694. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിലെ അന്തേവാസികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) ഇവർക്ക് പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

<u>ക്ഷേമപെൻഷനുകൾ നല്കാൻ ഡി.ബി.റ്റി സംവിധാനം</u>

T 1695. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് ഇപ്രകാരം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത് ; ഈ പദ്ധതി നടപ്പിലാക്കാനുള്ള കാരണമെന്താണ് ; എത്ര ആളുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി മുഖേന വകുപ്പിനും ഗുണഭോക്താവിനുമുള്ള നേട്ടമെന്ത് ;

(ഡി) ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കളെ ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇവർക്ക് ക്ഷേമ പെൻഷനുകൾ എപ്രകാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഇ) പ്രയോജനകരമെന്ന് കാണുന്ന പക്ഷം മറ്റ് ക്ഷേമ പെൻഷനുകളും ഡി.ബി.ടി സംവിധാനത്തിലൂടെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ക്ഷേമപെൻഷനുകളിലെ കുടിശ്ശിക</u>

T 1696. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾ കുടിശ്ശിക ആയിട്ടുണ്ടോ ; എത്രമാസത്തെ , എന്നു മുതലുള്ള ക്ഷേമപെൻഷനുകളാണ് കുടിശ്ശികയായിട്ടുള്ളത് ;

(ബി) ക്ഷേമപെൻഷനുകൾ നൽകുന്നതിന് തന്നാണ്ടിൽ ആകെ എത്ര തുക ആവശ്യമായിരുന്നു ; ഇതിനായി ബഡ്ജറ്റ് വിഹിതം എത്രയായിരുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ക്ഷേമ പെൻഷനുകൾ അതത് മാസം നൽകാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ?

<u>അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ്</u>

1697. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങൾക്ക് സർക്കാർ നൽകി വരുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇവയിൽ ഏതെല്ലാം ഗ്രാന്റുകളുടെ വിതരണത്തിലാണ് കുടിശ്ശികയുള്ളത് എന്നറിയിക്കാമോ?

<u>മിഷൻ **676**-ൽ ഉൾപ്പെടുത്തിയ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ പദ്ധതി</u>

1698. ശ്രീ.കെ.മുരളീധരൻ

**,,** അൻവർ സാദത്ത്

**,,** ഡൊമിനിക് പ്രസന്റേഷൻ

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷയ്ക്കായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,

സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.